# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒറ്റപ്പാലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി (പി22)-116/2024 16/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 09/02/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഒറ്റപ്പാലം മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1..ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2.ഡയറക്ടർ,അർബൻ അഫയേഴ്സ്(ഉപരിപത്രം സഹിതം)
3. ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ. പി.കെ.ഡി (പി22)-116/2024 തീയ്യതി: 09/02/2024
16/24

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-12-2022 മുതൽ 06-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 23-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 23-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ

താരിഖ് .എം.എസ്- സീനിയർ ഗ്രേഡ് ഓഡിറ്റർ

മുഹമ്മദ് ഹിഷാം എം - സീനിയർ ഗ്രേഡ് ഓഡിറ്റർ

ലിക്സി അലക്സ് - ഓഡിറ്റർ

അനിത.കെ - ഓഡിറ്റർ

ഗീത.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. കെ. ജാനകി ദേവി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.എ.എസ്.പ്രദീപ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജയപ്രകാശ് | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. വിസ്മൽ | ക്ലീൻ സിറ്റി മാനേജർ | 01-04-2022 | 31-03-2023 |
| ഡോ. ദീപു.സി നായർ | മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-05-2022 |
| ഡോ. രാധ വി | മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ | 01-06-2022 | 12-12-2022 |
| ഡോ. അഹമ്മദ് അഫ്സൽ .കെ.പി | മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ | 13-12-2022 | 31-03-2023 |
| ഡോ.ഹരീശ്വരൻ .പി.എം | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.അർച്ചന ലിൻസ് തോമസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 04-01-2023 |
| ഡോ. സന്തോഷ് കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-01-2023 | 31-03-2023 |
| ശ്രീ. പരമേസ്വരൻ നമ്പൂതിരി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.സുധീർ ബാബു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജാസ്മിൻ . എച്ച് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശരത് ആർ | ഇൻസയ്ടിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുധീന്ദ്രൻ | പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശോഭ ഉണ്ണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 01-06-2022 |
| ശ്രീമതി. ദീപ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-06-2022 | 12-01-2023 |
| ശ്രീമതി. അനിത ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ശ്രീമതി. ലദീന പൂവങ്കാവിൽ | പ്രിൻസിപ്പൽ, വി.വി.എച്ച്.എസ്.എസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കിലെ തുകകൾ എ.സി.ആർ . മായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | വാർഷികകണക്കും സുലേഖ പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് - ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല | 1-1-3 |
| 5 | ബാങ്ക് മുന്നിരിപ്പ്- മുൻവർഷത്തെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഗുണഭോക്തൃവിഹിതം ചെലവ് - അക്കൗണ്ട് ചെയ്യതിലെ അപാകത | 1-1-5 |
| 7 | AUEGS ന്റെ വരവ് ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ഡിമാന്റുകൾ വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | നികുതി - നികുതിയേതര വരവ് - രജിസ്റ്ററുകൾ പൂർണ്ണമല്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തി - | 1-1-10 |
| 12 | ബാങ്ക് അക്കൌണ്ടുകൾക്ക് പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാരാക്കുന്നില്ല | 1-1-11 |
| 13 | Prior Period Income - വിവരം ലഭ്യമായില്ല | 1-1-12 |
| 14 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - വിവരം ലഭ്യമല്ല | 1-1-13 |
| 15 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ് & ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-15 |
| 17 | ലഡ്ജർ ബാലൻസുമായി ബന്ധപ്പെട്ട വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-16 |
| 18 | തനത് ഫണ്ട് ചെലവ് - ചെലവ് നടത്തിയശേഷം മാത്രം സാംഖ്യ വൗച്ചറുകൾ തയ്യാറാക്കുന്നു | 1-1-17 |
| 19 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-1-19 |
| 21 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1- 20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-ക്യാഷ് ബുക്ക് പ്രകാരം | 1- 6 |
| 27 | വിവിധ ക്ഷേമപദ്ധതി ധനസഹായങ്ങളുടെ വിശദാംശങ്ങൾ | 1-7 |
| 28 | ക്യാഷ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | വസ്തു നികുതി | 1-11 |
| 32 | വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11-1 |
| 33 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11-2 |
| 34 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി | 1-11-3 |
| 35 | നികുതി ഇളവ് | 1-11-4 |
| 36 | 2023 ലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-11-5 |
| 37 | വിനോദ നികുതി-ഈടാക്കിയതിൽ കുറവ് | 1-12 |
| 38 | തൊഴിൽ നികുതി പിരിവ് - കാര്യക്ഷമമല്ല | 1-13 |
| 39 | ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല | 1-13-1 |

| | | |
|---|---|---|
| 40 | ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-13-2 |
| 41 | തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-13-3 |
| 42 | തൊഴിൽ നികുതിയിനത്തിലെ ചെക്ക്/ ഓൺലൈൻ വരവ് യഥാസമയം രശീതി ചെയ്യപ്പെടുന്നില്ല | 1-13-4 |
| 43 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-14 |
| 44 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14-1 |
| 45 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-14-2 |
| 46 | റോഡ് റസ്റ്റോറേഷൻ– നടപടി ക്രമങ്ങളിലെ അപാകതകൾ | 1-15 |
| 47 | ടാക്സി സ്റ്റാൻഡുകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 48 | കുത്തക ലേലം- നിയതമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-17 |
| 49 | വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-18 |
| 50 | വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-18-1 |
| 51 | വാടക കുടിശ്ശിക | 1-18-2 |
| 52 | കടമുറികൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18-3 |
| 53 | നിർദ്ദിഷ്ട മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല | 1-18-4 |
| 54 | ക്വാറികൾ - കോർപ്പറേറ്റ് സാമൂഹിക/പരിസ്ഥിതി ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. | 1-19 |
| 55 | ഹരിത കർമ്മ സേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ ,യൂണിഫോം വാങ്ങൽ - അപാകതകൾ | 1-20 |
| 56 | ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ | 1-21 |
| 57 | ബയോ കമ്പോസിറ്റർ ബിൻ വിതരണം-അപാകതകൾ | 1-22 |
| 58 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നീക്കിയിരുപ്പ് തുക -തുടർ നടപടികൾ സ്വീകരിക്കണം | 1-23 |
| 59 | പി എം എ വൈ അർബൻ പദ്ധതി - വീടുകൾ പണി പൂർത്തീയാക്കുവാൻ അവശേഷിക്കുന്നു,രജിസ്റ്ററുകൾ,ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല | 1-24 |
| 60 | എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ്. രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 61 | സപ്ലൈയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. | 1-26 |
| 62 | ബി പി എൽ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ– മുഴുവൻ ഗുണഭോക്താക്കളുടെയും രേഖകൾ ഹാജരാക്കിയിട്ടില്ല | 1-27 |
| 63 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 64 | തുടർ സാക്ഷരത തുല്യത പഠന സഹായം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 65 | അഗതി രഹിത കേരളം- മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടില്ല. | 1-30 |
| 66 | വീട് വാസയോഗ്യമാക്കൽ പദ്ധതികൾ– രേഖകൾ ഹാജരാകിയിട്ടില്ല. | 1-31 |
| 67 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 68 | അടുക്കളമുറ്റത്തെ കോഴിവളർത്തൽ - ഒരു വീട്ടിലെ തന്നെ രണ്ട് വ്യക്തികൾക്ക് പദ്ധതിപ്രകാരമുള്ള ആനുകൂല്യം അനുവദിച്ചു | 1-33 |
| 69 | അങ്കണവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് നടത്തിയില്ല | 1-34 |
| 70 | അങ്കണവാടികളിലേക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങൽ - പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തു | 1-35 |
| 71 | മാലിന്യ സംസ്കരണം- അവലോകനം | 1-36 |
| 72 | സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചത്പ്രകാരം നിജപ്പെടുത്തി മാത്രം വേതനം നൽകേണ്ടതാണ്. | 1-37 |
| 73 | ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗസാക്ഷ്യപത്രം ലഭ്യയമാക്കണം | 1-38 |

| | | |
|---|---|---|
| 74 | എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-39 |
| 75 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-40 |
| 76 | ടാർ ബാരലുകളുടെ വില- ജി.എസ്.ടി ഒടുക്കിയില്ല | 1-41 |
| 77 | മിനിമാസ്റ്റ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ - സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചില്ല | 1-42 |
| 78 | ഇൻഷ്വറൻസ് കവറേജ് എടുക്കാത്ത കരാറുകാരുടെ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-43 |
| 79 | ടെണ്ടർ ചെയ്ത ശേഷം എസ്റ്റിമേറ്റിൽ പൂർണ്ണമായും ഭേദഗതി വരുത്തി | 1-44 |
| 80 | കണ്ണിയം പുറം വായനശാല നവീകരണം- അപാകതകൾ | 1-45 |
| 81 | ആദായ നികുതി കുറവായി ഈടാക്കി | 1-46 |
| 82 | പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ | 1-47 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് പത്രിക | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ സെഷൻ 295(4) പ്രകാരം, കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14-07-23 (16) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ഒറ്റപ്പാലം നഗരസഭയുടെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരഭരണ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, **ഒറ്റപ്പാലം നഗരസഭയുടെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: - 09-02-2024

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 വാർഷികകണക്കിലെ തുകകൾ എ.സി.ആർ . മായി പൊരുത്തപ്പെടുന്നില്ല

പ്ലാൻ ഫണ്ട് (ജനറൽ ) ACR & AFS തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു

| | AFS | ACR |
|---|---|---|

| | | |
|---|---|---|
| പ്ലാൻ (ജ) – ചെലവ് | 58475226 | 54794120 + 11572936(G.O.Project) = 66367056 |

## 1-1-2 വാർഷികകണക്കും സുലേഖ പത്രികയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്ക് പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | AFS | Sulekha Statement |
|---|---|---|
| പ്ലാൻ (ജ) – ചെലവ് | 58475226 | 59428560 |
| SCP - ചെലവ് | 15624114 | 14670780 |
| CFC- Total | 38282538 | 38386687 |

## 1-1-3 ധനകാര്യകമ്മീഷൻ ഗ്രാന്റ് – ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് – ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല

## 1-1-4 ബാങ്ക് മുന്നിരിപ്പ്- മുൻവർഷത്തെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

SBI E Payment A/C - 2021-22 ലെ വാർഷികകണക്ക് പ്രകാരം നീക്കിയിരുപ്പ് 9425031 രൂപയാണ്. എന്നാൽ 2022-23 ലെ മുന്നിരിപ്പായി വാർഷികകണക്കിൽ 9470228 രൂപയാണ് ചേർത്തിട്ടുള്ളത്.

## 1-1-5 ഗുണഭോക്തൃവിഹിതം ചെലവ് – അക്കൗണ്ട് ചെയ്തതിലെ അപാകത

ഗുണഭോക്തൃവിഹിതം നീക്കിയിരുപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 7511805 രൂപ യാണ്. 2022-23 വർഷം പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായി പദ്ധതി ഫയലിൽ (Eg. വെറ്റിനറി - മുട്ടക്കോഴി വളർത്തൽ, കൃഷി ഓഫീസറുടെ പദ്ധതികൾ) രേഖകളുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും വാർഷികകണക്കിലും പ്രസ്തുത ചെലവുകൾ ഗുണഭോക്തൃവിഹിതം എന്ന ഇനത്തിൽ ചേർത്ത് കാണുന്നില്ല. യഥാർത്ഥത്തിൽ 7511805 രൂപ നീക്കിയിരുപ്പുണ്ടോ എന്ന് വ്യക്തമല്ല

## 1-1-6 AUEGS ന്റെ വരവ് ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

AUEGS ന്റെ വരവ് ചെലവുകൾ വാർഷികകണക്കിൽ പൂർണ്ണമായി ചേർത്ത് കാണുന്നില്ല.ബാങ്ക് അക്കൗണ്ട് മുഖേനയുള്ള ചെലവുകൾ R&P അക്കൗണ്ടിൽ ചേർത്തിട്ടുണ്ട്. എന്നാൽ BIMS സോഫ്റ്റ്‌വെയർ മുഖേന ട്രഷറി അലോട്ട്മെന്റായി ചെലവഴിച്ച തുകകൾ വാർഷികകണക്കിൽ ചേർത്തതായി കാണുന്നില്ല.

## 1-1-7 ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5, 6 എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി/അക്കൌണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനം ദിനം പ്രിന്റെടുത്ത് സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-8 ഡിമാന്റുകൾ വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 15(2) പ്രകാരം താഴെ കാണിച്ച വരവിനങ്ങളുടെ ഡിമാന്റുകൾ വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല

| ഡിമാന്റ് ശീർഷകം |
| --- |
| 110010100 - Property Tax (General) |
| 110100100 - Profession Tax – Institutions / Professionals/Traders |
| 130109900 - Rent From Shopping Complex |
| 140110100- License Fees For Dangerous & Offensive Traders |

**1-1-9 നികുതി – നികുതിയേതര വരവ് – രജിസ്റ്ററുകൾ പൂർണ്ണമല്ല**

താഴെപ്പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ സംക്ഷിപ്തം എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1. തൊഴിൽ നികുതി
2. ലൈസൻസ് ഫീസ്
3. ബിൽഡിംഗ് പെർമിറ്റ്
4. വാടക

താഴെ പറയുന്നവയ്ക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1. ലേലം /ലീസ്

2. വിനോദനികുതി

റോഡ് കട്ടിംഗ് ഫീസ് -വാടക -Other Fee എന്ന ഹെഡിൽ തെറ്റായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. കൂടാതെ റോഡ് കട്ടിംഗ് - ഡെപ്പോസിറ്റായി വാങ്ങിയ തുക ഡെപ്പോസിറ്റ് ഹെഡിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-10 ഡെപ്പോസിറ്റ് പ്രവൃത്തി -**

2022-23 വർഷം ഡെപ്പോസിറ്റ് ആയി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവക്ക് നൽകിയ തുകകൾ Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-11 ബാങ്ക് അക്കൌണ്ടുകൾക്ക് പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാരാക്കുന്നില്ല**

എല്ലാ ബാങ്ക് അക്കൌണ്ടുകൾക്കും പ്രതിമാസ റികൺസിലിയേഷൻ പത്രിക തയ്യാറാക്കി ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. SBI – Ownfund- Sand – 30558950840 എന്ന അക്കൗണ്ടിന്റെ 31-3-23 ലെ റീകൺസിലിയേഷൻ പത്രികയിൽ താഴെ പറയുന്ന തുകകൾ

Cheque Deposited But Not Cleared എന്ന് ചേർത്തിട്ടുണ്ട്.

1.

| Voucher No | Voucher Date | Particulars | Amount |
| --- | --- | --- | --- |
| 31900128 | 26-8-2019 | Previous Day Collection Remitted To Bank | 144053 |
| 31900128 | 26-8-2019 | Previous | 111823 |

| | | | |
|---|---|---|---|
| | | Day Collection Remitted To Bank | |

മേൽ പറഞ്ഞ തുക 26.8.19 ന് ബാങ്കിൽ ഒടുക്കിയത് നാളിതുവരെ ക്രഡിറ്റ് ചെയ്യപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല

2.

| Voucher No | Voucher Date | Cheque No | Cheque Date | Particulars | Amount |
|---|---|---|---|---|---|
| 122270500052 | 14-9-22 | 5841418 | 13-9-2022 | Profession Tax | 132540 |
| 122480900187 | 18-1-23 | 5173996 | 23-8-2022 | Profession Tax | 97250 |
| 32200303 | 2-3-23 | 357985 | 357985 | Wrong Payment Correction | 48080 |

2022 ലെ ചെക്കുകൾ നിലവിലും Cheque Deposited But Not Cleared എന്ന് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർക്കുന്നത് ക്രമപ്രകാരമല്ല. പ്രസ്തുത തുകകൾ കുടിശ്ശിക നികുതിയായി വാർഷികകണക്കിലും ഡിമാന്റ് രജിസ്റ്ററിലും ക്രമീകരിച്ചിട്ടില്ല.

Wrong Payment Correction എന്ന് രേഖപ്പെടുത്തിയ 48080 രൂപയുടെ കുറവ് ഏന്താണെന്നും വ്യക്തമല്ല

SBI – E Payment Account 6763149368 - എന്ന അക്കൗണ്ടിന്റെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2011 മുതലുള്ള നികുതി തുകകൾ ബാങ്കിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

**1-1-12 Prior Period Income - വിവരം ലഭ്യമായില്ല**

Prior Period Income-തുകകളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട 30941480/- രൂപയുടെ ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

**1-1-13 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - വിവരം ലഭ്യമല്ല**

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

**1-1-14 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ബി 18 ഷെഡ്യൂളിൽ ( Loans And Advance And Deposit) - 3851537ഉൾപ്പെടുത്തിയിട്ടുണ്ട്. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-15 ഡെപ്പോസിറ്റ് & ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ബി7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെയും ( 52007097 /- രൂപ) ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ബി11

ഷെഡ്യൂളിലെ നിലവിലെ ആസ്തിമൂല്യവും ( 453738504 /- രൂപ) പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-16 ലഡ്ജർ ബാലൻസുമായി ബന്ധപ്പെട്ട വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ലഡ്ജർ ബാലൻസുമായി ബന്ധപ്പെട്ട വരവ് രജിസ്റ്ററുകൾ പ്രതിമാസം പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-17 തനത് ഫണ്ട് ചെലവ് - ചെലവ് നടത്തിയശേഷം മാത്രം സാംഖ്യ വൗച്ചറുകൾ തയ്യാറാക്കുന്നു

തനത് ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ മാന്വലായി തയ്യാറാക്കുന്ന വൗച്ചറുകൾ ഉപയോഗിച്ച് നടത്തുകയും മാന്വലായി സൂക്ഷിക്കുന്ന കാഷ് ബുക്കിൽ രേഖപ്പെടുത്തുകയും പിന്നീട് ഈ ചെലവുകൾ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിലേക്ക് ചേർക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കാത്തതിനാൽ (നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ Open ചെയ്യാൻ കഴിയുന്നില്ല) ചെലവ് നടത്തിയ എല്ലാ വൗച്ചറുകളും അതാത് ശീർഷകത്തിൽ കൃത്യമായി അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്നും എല്ലാ ചെലവുകളും അക്കൗണ്ട് ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 1-1-18 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള കുടിശ്ശികകളുടെ വർഷാടിസ്ഥാനത്തിലുള്ള തുക കണക്കാക്കി സംശയാസ്പദമായവയ്ക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-19 ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

### 1-1- 20 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2021-22 ലെ വാർഷികകണക്ക് പ്രകാരം HUDCO വായ്പ നീക്കിയിരുപ്പ് 145273268 രൂപയാണ്. എന്നാൽ 2022-23 ലെ മുന്നിരിപ്പായി വാർഷികകണക്കിൽ - ട്രയൽ ബാലൻസിൽ 137479935 രൂപയാണ് ചേർത്തിട്ടുള്ളത്. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30-03-22 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് ( 21-03-23, തീരുമാനം 1 നം.). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 8,65,56,954 | 100,46,64,800 | 109,12,21,754 | 99,93,61,925 | 9,18,59,829 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 102548200.61 |
| ഓഡിറ്റ് വർഷത്തെ വരവ് | 341214031 |
| ആകെ | 443762231.61 |
| ചെലവ് | 313612586 |
| നീക്കിയിരിപ്പ് | 130149645.61 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 60017222 | 60017222 | 58475226 | 1541996 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 22199000 | 22199000 | 15624114 | 6574886 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 19498000 | 19498000 | 16805453 | 2692547 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 26349000 | 26349000 | 23423290 | 2925710 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Basic Tied& (Bank) | 22592424 | 19876500 | 42468924 | 35056501 | 7412423 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (Treasury) | 0 | 11730673 | 11730673 | 3169037 | 8561636 |
| CFC-Untied - Treasury | 0 | 64693 | 64693 | 57000 | 7693 |

വാർഷികകണക്ക് പ്രകാരമുള്ള തുകയാണ് മേൽപട്ടികയിൽ ചേർത്തിട്ടുള്ളത്. സുലേഖ ചെലവ് പത്രികയിലെ തുകയുമായി ഇവ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | AFS | Sulekha Statement |
|---|---|---|
| പ്ലാൻ (ജ) - ചെലവ് | 58475226 | 59428560 |
| SCP - ചെലവ് | 15624114 | 14670780 |
| CFC- Total | 38282538 | 38386687 |

CFC ചെലവ് I & E Statement ൽ ഉൾപ്പെട്ടിട്ടില്ല

കേന്ദ്രാവിഷ്കൃത ഫണ്ട്

| | | | | | | |
|---|---|---|---|---|---|---|
| PMAY | | 8878515 | 47355822 | 56234337 | 43787754 | 12446583 |
| NULM | | 1000 | 1085030 | 1086030 | 1086030 | 0 |
| Swach Bharath | | 847285 | 0 | 847285 | 115280 | 732005 |
| Suchithwa Mission | | 6330224 | 191116 | 6521340 | 0 | 6521340 |
| IHSDPBOI | BOI | 451600 | 13124 | 464724 | 0 | 464724 |
| IHSDPPNB | PNB | 22929434 | 638029 | 23567463 | 0 | 23567463 |
| UIDSSMT | | 155489 | 4240 | 159729 | 0 | 159729 |

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവ് വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| | | | | | | |
|---|---|---|---|---|---|---|
| AUEGS | | 39788 | 18263845 | 18303633 | 14999540 | 3304093 |
| സാക്ഷരത | | 1250684 | 34112 | 1284796 | 0 | 1284796 |
| PENSION | KGB | 6509599 | 3832256 | 10341855 | 9858373 | 483482 |
| | SBI | 29991 | 818 | 30809 | 0 | 30809 |

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ വിവരം കാഷ് ബുക്ക് പ്രകാരമാണ് ചേർത്തിട്ടുള്ളത്. BIMS പ്രകാരം യഥാർത്ഥ നീക്കിയിരുപ്പ് 460 രൂപ മാത്രമാണ്. BIMS പ്രകാരമുള്ള അലോട്ട്മെന്റ്, ചലവ് വിവരങ്ങൾ വാർഷികകണക്കിൽ പ്രത്യേകമായി ചേർത്ത് കാണുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 328 | 244878340 | 206 | 153443107 | 0 | 122 | 62.8 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 11656815 | 9733954 | 83.5 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 3 | 11380000 | 7047060 | 61.9 |
| സെക്രട്ടറി | 31 | 22 | 28291945 | 19877329 | 17.3 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 218 | 121 | 114765208 | 54599570 | 47.6 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 9 | 8 | 15200000 | 14556655 | 95.7 |
| മെഡിക്കൽ ഓഫീസർ-ISM | 4 | 4 | 5725000 | 5709100 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5 | 4 | 639000 | 550544 | 86 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1804900 | 1180669 | 65.4 |
| ഹെഡ് മാസ്റ്റർ | 8 | 5 | 2150000 | 1689535 | 78.5 |
| ഇൻഡസ്ട്രിയൽ എക്സ്ടൻഷൻ ഓഫീസർ | 3 | 3 | 1300000 | 410000 | 31,5 |
| പ്രിൻസിപ്പൽ, GVHSS | 2 | 2 | 2000000 | 1710000 | 85.5 |
| പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം | 11 | 10 | 31102500 | 23768325 | 76.4 |
| ഹെൽത്ത് ഓഫീസർ | 12 | 10 | 18862972 | 12610366 | 66.8 |
| ആകെ | 328 | 206 | 244878340 | 153443107 | 62.6 |

**1- 6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-ക്യാഷ് ബുക്ക് പ്രകാരം**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സ്സായ തുക/ നീക്കിയിരുപ്പ് |
|---|---|---|---|---|---|
| തൊഴിലാളി കളുടെ കൂലി( അലോട്ട് മെന്റ് ) | | 1,5000000 | 1,5000000 | 14566820 | 433180 |
| അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 39788 | 3263845 * | 3303633 | 432720 | 2870913** |
| | 39788 | 18263845 | 18303633 | 14999540 | 3304093 |

* - തനത് ഫണ്ടിൽ നിന്ന് ലഭിച്ച തുക

** - ഇതിൽ 460 രൂപയാണ് BIMS പ്രകാരം ബാലൻസ് ഉള്ളത്. ബാക്കി തുക തനത് ഫണ്ടിലേക്ക് തിരിച്ചടക്കാനുള്ളതാണ്.

കാഷ് ബുക്ക് പ്രകാരമുള്ള കണക്കാണ് മുകളിൽ ചേർത്തത്. വാർഷികകണക്കുമായി മേൽകണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 1-7 വിവിധ ക്ഷേമപദ്ധതി ധനസഹായങ്ങളുടെ വിശദാംശങ്ങൾ

നഗരസഭാ പരിധിയിൽ വിവിധ കേന്ദ്ര-സംസ്ഥാന സാമൂഹ്യ സുരക്ഷ ക്ഷേമപദ്ധതികളിലൂടെ തൻവർഷം വിതരണം ചെയ്ത ധനസഹായങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 292 | 36,95200 |
| 3 | വിധവാ പെൻഷൻ | 2488 | 27,720,200 |
| 4 | വാർദ്ധക്യകാല പെൻഷൻ | 4449 | 4,4439600 |
| 5 | ഭിന്നശേഷി പെൻഷൻ | 632 | 6,904600 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 263 | 2,886200 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11/1/2024ന് ഉച്ചക്ക് ശേഷം 2.54 മണിക്ക് സ്ഥാപനത്തിലെ റവന്യൂ ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നടത്തി. 191032/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**റവന്യൂ പിരിവ്-കാര്യക്ഷമമല്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.15 ഷെഡ്യൂൾ പ്രകാരം വിവിധ റവന്യൂ വരുമാന ഇനങ്ങളിലായി 110,940,205.33 രൂപ കുടിശ്ശികയുണ്ട്. 2022-23 വർഷത്തിൽ വസ്തുനികുതി പിരിക്കുന്നതിന് ഫീൽഡ് കളക്ഷൻ സ്റ്റാഫിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല. റവന്യൂ പിരിവിനായി ക്ലർക്ക്/ബിൽ കളക്ടർമാരെ ചുമതലപ്പെടുത്തി ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതായോ നിശ്ചിത ഇടവേളകളിൽ റവന്യൂ പിരിവിന്റെ പ്രോഗ്രസ് അധികാരികൾ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായോ കാണുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 22 (D)(1) പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, ഫീസുകൾ, വാടക, മറ്റ് വരവുകൾ എന്നിവയുടെ പിരിവ് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നതിനും 22 (D)(4) പ്രകാരം വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ബാലൻസ് പ്രതിമാസം പരിശോധിക്കുന്നതിനും

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് ചുമതലയുണ്ട്. ഇപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ വരവിനങ്ങളുടെ പിരിവിന്റെ കാര്യക്ഷമത സൂക്ഷ്മമായി യഥാകാലം നിരീക്ഷിച്ചിട്ടുള്ളതായി സ്റ്റാന്റിങ്ങ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല. റവന്യൂ പിരിവ് സംബന്ധിച്ചുള്ള അഭ്യന്തര നിയന്ത്രണ ഉപാധികൾ കൃത്യമായി നടപ്പിലാക്കി റവന്യൂ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

തൊഴിൽ നികുതി - രേഖകളുടെ സൂക്ഷിപ്പ്

നഗരസഭയുടെ പ്രധാന റവന്യൂവരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതി. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രേഖകളൊന്നും തന്നെ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വരുമാന സ്റ്റേറ്റ്മെന്റുകളിൽ ക്ലെർക്ക് തലത്തിലോ സൂപ്പർവൈസറി തലത്തിലോ ഭരണതലത്തിലോ സൂക്ഷ്മപരിശോധനകൾ നടത്തപ്പെടുന്നില്ല. പല സ്റ്റേറ്റ്മെന്റിലും ജീവനക്കാരുടെ പ്രതിമാസ വരുമാനമോ ആറുമാസത്തെ ആകെ വരുമാനമോ രേഖപ്പെടുത്താതെ സമർപ്പിക്കപ്പെട്ടവയാണ്. ഇത് ലഭിക്കേണ്ട വരുമാനം തന്നെയാണോ ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. നഗരസഭയിൽ തൊഴിൽ നികുതി അടക്കേണ്ടുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് പോലും ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ കൌൺസിലിൽ അവതരിപ്പിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ.

നഗരസഭയുടെ 1996-97 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭയ്ക്ക് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള

തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം നഗരസഭ പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

01-04-2018 മുതൽ 30-06-2022 വരെയുള്ള കാലയളവ് വരെയാണ് നഗരസഭയിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നടത്തിയിട്ടുള്ളത്. ഗുരുതര പരാമർശങ്ങളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 1-11 വസ്തു നികുതി

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2022-23 സാമ്പത്തിക വർഷാവസാനത്തിൽ തൻവർഷം 1,52,83,446/- രൂപയും കുടിശ്ശികയായി 3,10,30,349/-രൂപയും പിരിച്ചെടുക്കാനുണ്ട്.

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 43/23-1-2024 ന് കുടിശ്ശികയുള്ള കെട്ടിടങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കുന്നതാണെന്നും ആയതിൻ മേൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-11-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ പ്രകാരം 10 മൊബൈൽ ടവറുകൾ നഗരസഭയുടെ പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 2022-23 വരെ 8 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 10,35,431/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, ഉടമസ്ഥൻ | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക |
|---|---|---|---|
| 1 | 4/282/1<br>എ.ബി.സി ടവേഴ്സ്, 38/721, കടവന്ത്ര, കൊച്ചി | 185280 | 2013 ആദ്യ അർദ്ധവർഷം മുതൽ |
| 2 | 8/114<br>ഭാരതി എയർടെൽ | 118199 | 2011 ആദ്യ അർദ്ധവർഷം മുതൽ |

| | | | |
|---|---|---|---|
| 3 | 15/81/B<br>ചെന്നൈ നെറ്റ് വർക്ക് ഇൻഫ്ര സ്ട്രക്ച്ചർ ലിമിറ്റഡ് | 64595 | 2014 രണ്ടാം അർദ്ധവർഷം മുതൽ |
| 4 | 24/408/1<br>വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 24759 | 2020 രണ്ടാം അർദ്ധവർഷം മുതൽ |
| 5 | 25/1019<br>ഹൈദർ<br>(സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്) | 2368 | 2016 ആദ്യ അർദ്ധവർഷം മുതൽ |
| 6 | 26/896<br>ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 219142 | 2015 രണ്ടാം അർദ്ധവർഷം മുതൽ |
| 7 | 34/394/1<br>എയർടെൽ ജി.എസ്.എം സ്റ്റേഷൻ, സൗത്ത് പനമണ്ണ | 239560 | 2013 ആദ്യ അർദ്ധവർഷം മുതൽ |
| 8 | 36/380/5<br>വൊഡാഫോൺ | 181528 | 2016 രണ്ടാം അർദ്ധവർഷം മുതൽ |
| | ആകെ | 10,35,431/- | |

കുടിശ്ശിക ഈടാക്കാത്തതിന്റെ കാരണം അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 43/23-1-2024 ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളതാണെന്നും കുടിശ്ശിക ഈടാക്കിയില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-3 ഉപയോഗക്രമം തെറ്റായി രേഖപെടുത്തി നികുതി നിർണ്ണയം നടത്തി

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 70 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 90 രൂപയുമാണ് നഗരസഭയിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടത്തിന് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നം. | 4/1(1) |
| ഫയൽ നമ്പർ | BA-373/22-23<br>(E2-5455/23 Dt |

| | |
|---|---|
| | 28/2/23) |
| കെട്ടിട ഉടമയുടെ പേരും വിലാസവും | സുലൈമാൻ,<br>പള്ളത്ത് ഹൗസ്,<br>തോട്ടക്കര,<br>ഒറ്റപ്പാലം |
| വിസ്തീർണ്ണം | താഴത്തെ നില - 135.74ച. മീ<br>(ഷോപ്പ്) |
| നിലവിലെ നികുതി നിർണ്ണയം | 135.74* 70 = 9501.8<br>വർദ്ധനവ് - വഴി സൗകര്യം<br>(20%) - 1900.36<br>ഇളവ് - 10% മേൽക്കൂര<br>950.18<br>BT- = 10451.98/-<br>LC- =522.59 /-<br>Total- 10975/- |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 135.74 * 90 = 12216.6<br>വർദ്ധനവ് - വഴി സൗകര്യം<br>(20%) - 2443.32<br>ഇളവ്- 10% മേൽക്കൂര- 1221.6<br>BT- 13438/-<br>LC- = 672/-<br>Total-14110 /- |
| വ്യത്യാസം (14110-10975)<br>പ്രാബല്യം(2022 - 2 Nd Half മുതൽ) | = 3135/- രൂ |

മേൽ കെട്ടിടത്തിന് വസ്തുനികതി കുറവായി ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 43/23-1-24 ന് കുറവ് തുക ഈടാക്കുന്നതിന് കക്ഷിക്ക് അറിയിപ്പ നല്കുന്നതാണെന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി വസ്തു നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11-4 നികുതി ഇളവ്**

നഗരസഭ പരിധിയിലുള്ള താഴെ പറയുന്ന കെട്ടിടത്തിന് നികുതിയിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ |
|---|---|
| 25/870- A | സബ് മജിസ്ട്രേറ്റ് കോടതി |
| 25/870-B | DEO |
| 25/870-D | DEO |
| 25/870-F | RDO, ഓഫീസ് |
| 25/870/5 | മുനിസിപ്പൽ കോടതി |

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 235 ഉപവകുപ്പ് (4) എച്ചിൽ സൂചിപ്പിച്ച കെട്ടിടങ്ങളെ മാത്രമാണ് നികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കാവുന്നത്. മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 43/23-1-2024 ന് നിലവിൽ സഞ്ചയ ബ്ലോക്ക് ചെയ്തിട്ടുള്ളതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ലെന്നും ആയത് ഓപ്പണാകുമ്പോൾ പരിശോധിച്ച് നിജസ്ഥിതി വ്യക്തമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11-5 2023 ലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് അഞ്ച് വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 233 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് അഞ്ച് വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 233 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം – പ്രധാന ഉത്തരവുകൾ

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തുനികുതി നിരക്കിന്റെ വിജ്ഞാപനം.

വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1) 2023 ലെ വസ്തുനികുതി പരിഷ്കരണം - നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം

എ) വസ്തുനികുതിയിൽ 5% വർദ്ധനവ് വരുത്തൽ

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എല്ലാ കെട്ടിടങ്ങളുടെയും

വസ്തുനികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം നഗരസഭയെ അറിയിക്കാത്തവർക്ക് ഫോറം 9ബി യിൽ അറിയിക്കാവുന്നതാണ്. സമയപരിധി 15-05-2023 തീയതിയായിരുന്നു.

സിറ്റിസൺ പോർട്ടൽ വഴിയോ നേരിട്ടോ 9Bഫോറം ലഭ്യമായിട്ടില്ല എന്നാണ് സെക്ഷൻ അറിയിച്ചിട്ടുള്ളത്.

സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. ഫീൽഡ് പരിശോധന നിലവിൽ ആരംഭിച്ചിട്ടില്ല.

ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കുള്ള നിയമനം

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. വിവരശേഖരണത്തിനായി യോഗ്യതയുള്ള 8 പേരാണ് സന്നദ്ധത അറിയിച്ചിട്ടുള്ളത്.

ഇ) വസ്തുനികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ഒറ്റപ്പാലം നഗരസഭ കൗൺസിലിന്റെ 8.6.2023 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം 27/07/23 തീയതിയിലെ R1-7862/23 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

5-08-23 തീയതിയിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ 10/10/2023 തീയതിയിലെ R1-7862/23 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (10/10/23 ലെ കൗൺസിൽ തീരുമാനം 8). പ്രമുഖ പത്രങ്ങളിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

എഫ്) വസ്തുനികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും നഗരസഭയ്ക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണ്. പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

മേഖല അടിസ്ഥാനത്തിൽ തരംതിരിവ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ നടത്തി വിജ്ഞാപനം ചെയ്തിട്ടില്ല.

2. വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിനുള്ള തീരുമാനം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 235 പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

8/06/2023 ലെ കൗൺസിൽ തീരുമാന പ്രകാരം വസ്തു നികുതിയുടെ 4% സേവന ഉപനികുതിയിൽ

ശുചിത്വ പരിപാലനത്തിനായി ഈടാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ സേവന ഉപനികുതി ഈടാക്കി വരുന്നുണ്ട്.

**1-12 വിനോദ നികുതി-ഈടാക്കിയതിൽ കുറവ്**

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർറ്റെയ്ൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ചരക്ക്സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ജാസ്, ലക്ഷ്മി പിക്ചർ പാലസ്, ലാഡർ, എന്നിങ്ങനെ മൂന്ന് തിയേറ്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. സാമ്പത്തിക വർഷത്തിൽ 2786654/-രൂപയാണ് (ശീർഷകം-110160100) വിനോദനികുതിയിനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തിയേറ്ററിന്റെ പേര്- ലാഡർ

| സ്ക്രീൻ നമ്പർ | ടിക്കറ്റ് നിരക്ക് | അടിസ്ഥാന ടിക്കറ്റ് നിരക്ക് | ഈടാക്കുന്ന വിനോദനികുതി (%) |
|---|---|---|---|
| സ്ക്രീൻ 1 | 150 | 112.56 | 8.5 |
| | 450 | 346.88 | 8.5 |
| സ്ക്രീൻ 2 | 150 | 112.56 | 8.5 |
| സ്ക്രീൻ 3 | 150 | 112.56 | 8.5 |

തിയറ്ററുകൾ ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനാനുപാതികമായാണ് വിനോദ നികുതി ഈടാക്കേണ്ടത്. ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കിയതിൽ (GDTR- 3B) Kerala Land Reforms And Development Co-Operative Soceity Limited ന്റെ മുഴുവൻ സ്ഥാപനങ്ങളുടെ ഒരുമിച്ച ഫയൽ ചെയ്ത് റിട്ടേണുകളാണ് ഹാജരാക്കിയിട്ടുള്ളത്. 10/1/2024 ലെ ഓഡിറ്റ് അന്വേഷണം 5 /2024 തുടർന്ന് ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടാണ് ഹാജരാക്കിയത്.

സ്ഥാപനത്തിന്റെ മാനേജർ ഹാജരാക്കിയ എന്റർടെയിൻമെന്റ് ടാക്സ് കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല വിനോദ നികുതി ഈടാക്കുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

വില്പന നടത്തിയ ടിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട വിനോദ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | ടിക്കറ്റുകളുടെ എണ്ണം | ആകെ ടിക്കറ്റുകൾ | ഈടാക്കേണ്ട വിനോദ നികുതി (ആകെ ടിക്കറ്റുകളുടെ | ഈടാക്കിയ വിനോദ നികുതി (ലഡ്ജർ | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | എണ്ണം<br>X ബേസ് റേറ്റ്x8.5%) | പ്രകാരം) | |
| സെപ്റ്റംബർ | സ്ക്രീൻ 1<br>എക്സിക്യൂട്ടീവ്-<br>14594<br>റിക്ലൈനർ-1318<br>സ്ക്രീൻ 2<br>എക്സിക്യൂട്ടീവ്-5894<br>സ്ക്രീൻ 3<br>എക്സിക്യൂട്ടീവ്-5987 | റിക്ലൈനർ-1318<br>എക്സിക്യൂട്ടീവ്-<br>26475 | റിക്ലൈനർ<br>1318x346.88x8.5%=<br>38861<br>എക്സിക്യൂട്ടീവ്-<br>26475x112.56x8.5<br>%<br>= 253302<br>**വിനോദ<br>നികുതി-292163/-** | 207629 | 84534 |
| ഒക്ടോബർ | സ്ക്രീൻ 1<br>എക്സിക്യൂട്ടീവ്-<br>23569<br>റിക്ലൈനർ-<br>1592<br>സ്ക്രീൻ 2<br>എക്സിക്യൂട്ടീവ്-9278<br>സ്ക്രീൻ 3<br>എക്സിക്യൂട്ടീവ്-7439 | റിക്ലൈനർ-1592<br>എക്സിക്യൂട്ടീവ്-<br>40286 | റിക്ലൈനർ<br>1592x346.88x8.5%=<br>46940<br>**എക്സിക്യൂട്ടീവ്-<br>40286x112.56x8.5<br>%**<br>= 385440<br>**വിനോദ<br>നികുതി-432380** | 274237 | 158143 |
| നവംബർ | സ്ക്രീൻ 1<br>എക്സിക്യൂട്ടീവ്-<br>10754<br>റിക്ലൈനർ-<br>733<br>സ്ക്രീൻ 2<br>എക്സിക്യൂട്ടീവ്-6672<br>സ്ക്രീൻ 3<br>എക്സിക്യൂട്ടീവ്-7353 | റിക്ലൈനർ-733<br>എക്സിക്യൂട്ടീവ്-<br>24779 | റിക്ലൈനർ<br>733x346.88x8.5%=<br>21612<br>**എക്സിക്യൂട്ടീവ്-<br>24779x112.56x8.5<br>%**<br>= 237076<br>**വിനോദ<br>നികുതി-258688/-** | 248430 | 10258 |
| ഡിസംബർ | സ്ക്രീൻ 1<br>എക്സിക്യൂട്ടീവ്-<br>18350<br>റിക്ലൈനർ-1171<br>സ്ക്രീൻ 2<br>എക്സിക്യൂട്ടീവ്-6435<br>സ്ക്രീൻ 3<br>എക്സിക്യൂട്ടീവ്-5376 | റിക്ലൈനർ- 1171<br>എക്സിക്യൂട്ടീവ്-<br>30161 | റിക്ലൈനർ<br>1171x346.88x8.5%=<br>34527<br>**എക്സിക്യൂട്ടീവ്-<br>30161x112.56x8.5 %**<br>= 288568<br>**വിനോദ<br>നികുതി-323095/-** | 316221 | 6874 |

| | | | | | |
|---|---|---|---|---|---|
| ജനവരി | സ്ക്രീൻ 1 എക്സിക്യൂട്ടീവ്- 32713<br>റിക്ളൈനർ-1180<br>സ്ക്രീൻ 2 എക്സിക്യൂട്ടീവ്-13033<br>സ്ക്രീൻ 3 എക്സിക്യൂട്ടീവ്-10789 | റിക്ളൈനർ- 1180 എക്സിക്യൂട്ടീവ്- 56535 | റിക്ളൈനർ 1180x346.88x8.5%= 34792<br>**എക്സിക്യൂട്ടീവ്- 56535x112.56x8.5 %**<br>= 540904<br>**വിനോദ നികുതി-575696** | 578249 | (+) 2553 (അധികമായി ഈടാക്കി) |
| ഫെബ്രുവരി | സ്ക്രീൻ 1 എക്സിക്യൂട്ടീവ്- 17678<br>റിക്ളൈനർ-619<br>സ്ക്രീൻ 2 എക്സിക്യൂട്ടീവ്-7618<br>സ്ക്രീൻ 3 എക്സിക്യൂട്ടീവ്-5930 | റിക്ളൈനർ- 619 എക്സിക്യൂട്ടീവ്- 31226 | റിക്ളൈനർ 619x346.88x8.5%= 18251<br>**എക്സിക്യൂട്ടീവ്- 31226x112.56x8.5 %**<br>= 298758<br>**വിനോദ നികുതി-317009/-** | 304033 | 12976 |
| ആകെ | | | | | 270232 |

തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കാതെയാണ് വരവായി എടുത്തിട്ടുള്ളത്. ലഭ്യമാക്കിയ എന്റർടെയിൻമെന്റ് ടാക്സ് കളക്ഷൻ റിപ്പോർട്ട് പ്രകാരം 270232/- വിനോദ നികുതിയിനത്തിൽ കുറവായാണ് ഈടാക്കിയിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ GSTR 1 B ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 14/16-1-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലഭ്യമാക്കിയ രേഖകൾ പ്രകാരം 270232/- രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി അടവാക്കിയിട്ടുള്ള ജി.എസ്.ടി റിട്ടേണുകൾ 1B ലഭ്യമാക്കി പരിശോധിക്കേണ്ടതും

ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ച് വിനോദനികുതി ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കുറവ് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 10.1.24 ലെ ഓഡിറ്റ് അന്വേഷണം 5/2024 പ്രകാരം ആവശ്യപ്പെട്ട ലക്ഷ്മി പിക്ച്ചർ പാലസ്, ജാസ് എന്നീ തിയറ്ററുകളുടെ വിനോദ നികുതി കണക്കാക്കിയ സ്റ്റേറ്റ്മെന്റുകൾ , തീയേറ്ററുകളുടെ ജി.എസ്.ടി റിട്ടേണുകൾ GSTR 1B ഹാജരാക്കിയിട്ടില്ല.

പ്രസ്തുത തീയേറ്ററുകളുടെ വിനോദ നികുതി ഈടാക്കിയത് ജി.എസ്.ടി റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അറിയിക്കേണ്ടതാണ്

വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 14/16-1-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓരോ മാസത്തേയും ടിക്കറ്റുകളുടെ കൃത്യത ഉറപ്പാക്കി വിനോദ നികുതി കണക്കാക്കി ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തിയേറ്ററുകളിൽ നിന്നും ജി.എസ്.ടി റിട്ടേണിന്റെ (GSTR 1B)പകർപ്പ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-13 തൊഴിൽ നികുതി പിരിവ് - കാര്യക്ഷമമല്ല

2022-23 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ച് വരുന്ന റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

### 1-13-1 ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 10/12-1-2024 ന് മറുപടി ലഭ്യമാക്കിയതിൽ കൃത്യമായ ഡാറ്റാ ബേസ് സൂക്ഷിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ കണക്ക് ഇല്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിലെ ചോർച്ച ഉണ്ടാവുന്നത് ഒഴിവാക്കേണ്ടതാണ്.

### 1-13-2 ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

A) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്- സെക്രട്ടറി, 8 ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. ഈ ആവശ്യത്തിലേക്ക് ഒരു ഡിമാൻഡ് രജിസ്റ്റർ ഒന്നോ അതിലധികമോ വർഷത്തേക്ക് ഉപയോഗിക്കാവുന്നതാണ്.

നഗരസഭയിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ 3 രജിസ്റ്ററിലായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ പേര്/വാർഡ്, ആകെ ഈടാക്കിയ തുക / രശീതിനമ്പർ, എന്നിവ തുടർച്ചയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരു വിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണമായി തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വാർഡ് 2 ലെ സ്ഥാപനങ്ങളായ മുബാറക്ക് മെറ്റൽസ്, ഒറ്റപ്പാലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് , വരോട് എന്നീ സ്ഥാപനങ്ങളുടെ റിട്ടേൺസ് ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. തൊഴിൽ നികുതിയിനത്തിൽ ചെക്ക്/ ഓൺലൈൻവരവായിട്ടുള്ള 6,57,085/- രൂപ (വിവിധ ചെക്കുകൾ) രസീതി ചെയ്യപ്പെടാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാനായില്ല.

ഓഡിറ്റ് അന്വേഷണം 10/12-1-2024 ന് മറുപടിയിൽ ഡിമാന്റ് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എംപ്ളോയീസിന്റേയും, ട്രേഡേഴ്സിന്റേയും ഡിമാൻഡ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

ബി) ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതും വാർഷിക കണക്കുമാ പൊരുത്തപ്പെടുത്തേണ്ടതുമാണ്. തൊഴിൽ നികുതി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

അപ്രകാരം ചെയ്യാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററുമാ പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള രജിസ്റ്ററുകൾ എഴു സൂക്ഷിക്കേണ്ടതും, വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**1-13-3 തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് പ്രകാരം പ്രൊഫഷണൽസ്/ട്രെഡേഴ്സ്/സ്ഥാപനത്തി തൊഴിൽ നികുതി കുടിശ്ശികയായി 577921/-രൂപയും തൻവർഷം 168536/- രൂപയും പിരിച്ചെടുക്കാനുണ്ട് സെക്ഷൻ ലഭ്യമാക്കിയ രേഖകളിലെ വിശദാംശങ്ങൾ പ്രകാരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് (2022-23) | | | കളക്ഷൻ (2022-23) | | | ബാലൻസ് (2022-23) | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | കറന്റ് | ആകെ | കുടിശ്ശിക | കറന്റ് | ആകെ | കുടിശ്ശിക | കറന്റ് | ആകെ |
| 351231 | 9950360 | 10301591 | 342605 | 9941386 | 10283991 | 8626 | 8974 | 17600 |

തൊഴിൽ നികുതിയിനത്തിൽ വാർഷിക കണക്കിലെ രേഖപ്പെടുത്തലും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല

വർഷം തിരിച്ചുള്ള തൊഴിൽ നികുതി കുടിശ്ശിക, കളക്ഷൻ പരിശോധിക്കുന്നതിനാധാരമായ രേഖകൾ/ ഫയൽ / മറ്റ് സംവിധാനം ഹാജരാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 10/12-1-2024 ന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

അരിയർ ഡിമാൻഡ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**1-13-4 തൊഴിൽ നികുതിയിനത്തിലെ ചെക്ക്/ ഓൺലൈൻ വരവ് യഥാസമയം രശീതി ചെയ്യപ്പെടുന്നില്ല**

ചെക്ക്/ ഓൺലൈൻ തൊഴിൽ നികുതിയിനത്തിലെ വരവ് അക്കൗണ്ട് ചെയ്യുന്നത് സൗത്ത് ഇന്ത്യൻ ബാങ്ക്, ഒറ്റപ്പാലം ബ്രാഞ്ചിലാണ്(അക്കൗണ്ട് നമ്പർ 0061053000049677). പ്രസ്തുത ബാങ്കിന്റെ റീ-കൺസിലീയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഏപ്രിൽ 22 മുതൽ മാർച്ച് 23 വരെയുള്ള കാലയളവിൽ വിവിധ ചെക്കുകൾ മുഖേനയും ഓൺലൈൻ ട്രാൻസ്ഫറിലുമായി ലഭിച്ച 6,57,085/- രൂപ Cheque Deposited But Not Cleared By Bank/Treasury ഉൾപ്പെട്ടിട്ടുണ്ട്. ആയത് സാമ്പത്തിക വർഷത്തിൽ തന്നെ രശീതി ചെയ്യപ്പെട്ടിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 10/12-1-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

തൊഴിൽ നികുതിയിനത്തിലെ വരവ് ഓൺലൈൻ ആയോ ബാങ്കിലേക്ക് മറ്റ് സംവിധാനങ്ങൾ മുഖേന നേരിട്ടോ ഒടുക്കുമ്പോൾ സാമ്പത്തിക വർഷത്തിൽ തന്നെ രശീതി ചെയ്യത് അതാത് ഡിമാന്റ് രജിസ്റ്ററുകളിൽ തുക വരവു വയ്ക്കുന്നുണ്ടെന്നും അക്കൗണ്ടിലേക്ക് പണം ലഭ്യമായിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നത് 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് നിലവിൽ അറിയപ്പെടുന്നത്. 2020 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം (എസ്.ആർ.ഒ നം. 857/2020) 2011 ലെ ചട്ടങ്ങളുടെ പേരും വിവിധ ചട്ടങ്ങളും അതിൻ കീഴിലെ പട്ടികകളും സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന ആശയത്തിലൂന്നിയുള്ള പരിഷ്കാരങ്ങളാണ് ചട്ടങ്ങളിൽ ഉണ്ടായിട്ടുള്ളത്. ആയത് പ്രകാരം നഗരസഭയിൽ ലൈസൻസ് അനുവദിച്ചതിലുള്ള നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി താഴെ ചേർക്കുന്നു.

### 1-14-1 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം 1, 11, പട്ടികകളിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് മുൻപ് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്. എന്നാൽ ഒറ്റപ്പാലം നഗരസഭാ പരിധിയിൽ 2020 ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പട്ടിക II -ൽ (വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) പ്രതിപാദിച്ചിട്ടുള്ള ക്രമനമ്പർ **387**-ൽ വരുന്ന ( കള്ള് ഷാപ്പ്) സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ മേൽ പ്രതിപാദിത സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

മേൽ സേവന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താത്തതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/17.01.2024) മറുപടിയായി ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-14-2 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

നഗരസഭയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ, മുൻവർഷം പ്രവർത്തിച്ചിരുന്നതിൽ തൻവർഷം പ്രവർത്തന രഹിതമായ, പുതുതായി പ്രവർത്തനം തുടങ്ങിയ സ്ഥാപനങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/17.01.2024) മറുപടിയായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
രജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 റോഡ് റസ്റ്റോറേഷൻ- നടപടി ക്രമങ്ങളിലെ അപാകതകൾ

വിവിധ ആവശ്യങ്ങൾക്കായി റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകുമ്പോൾ ഏജൻസികളിൽ നിന്നും ഈടാക്കേണ്ട റസ്റ്റോറേഷൻ ചാർജ്ജ്, എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, എന്നിവ സംബന്ധിച്ചും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചുമുള്ള മാർഗ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം. CE/R&B/GL-RC/3/2018,24.09.2020 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് റസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ 13440052/-

രൂപ ഒറ്റപ്പാലം നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ജി.ഐ പോളുകൾ സ്ഥാപിക്കൽ**

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗരഗ്രാമ പ്രദേശങ്ങളിലുടനീളം ഫൈബർ ടു ദ ഹോം (FTTH) തൂണുകൾ (Poles) സ്ഥാപിക്കുന്നതിന് TSP/ISP സേവന ദാതാക്കൾക്ക് സ.ഉ (സാധാ)നം. 89/2020/PWD തീയതി 23/01/2020 പ്രകാരം മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| ക്രമ നമ്പർ | RoW അപേക്ഷ നം/ തീയതി | പോളുകളുടെ എണ്ണം | അടവാക്കിയ തുക |
|---|---|---|---|
| 1 | RoW/ 1038520/44494, 23.07.22 | 376 Poles | **1176523**<br>Restoration Fee: 1027627<br>Pole Rent: 135360<br>Security Deposit: 13536 |
| 2 | RoW/ 1038203/444169, 20.07.22 | 300 Poles | **939418**<br>Restoration Fee: 820618,<br>Pole Rent: 108000<br>Security Deposit: 10800 |
| 3 | RoW/ 1138523/44497, 23/07.22 | 418 Poles | **1308482**<br>Restoration Fee: 1142954,<br>Pole Rent: 150480<br>Security Deposit: 15048 |
| 4 | RoW/ 1138528/44502, 23/07.22 | 219 Poles | **685555**<br>Restoration Fee: 598831<br>Pole Rent: 78840 |

| | | | |
|---|---|---|---|
| | | | Security Deposit: 7884 |

30.03.2019 ലെ CE/R&B/GL-RC/2/2019 നം സർക്കുലർ പാലിച്ച് ടെലിക്കോം സേവന കമ്പനികൾ റോഡ് കട്ട് ചെയ്യുമ്പോൾ നൽകേണ്ട തുകയുടെ 2.5%ശതമാനം സൂപ്പർവിഷൻ ചാർജ്ജും റസ്റ്റോറേഷൻ ചാർജിന്റെ മൂന്നിൽ ഒരു ഭാഗം ബാങ്ക് ഗ്യാരണ്ടിയുമാണ് അടവാക്കേണ്ടത്. മേൽ അപേക്ഷകൾ, എഗ്രിമെന്റ് എന്നിവ പ്രകാരം ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് റസ്റ്റോറേഷൻ പ്രവർത്തികൾ നഗരസഭ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ബന്ധപ്പെട്ട അപേക്ഷകളിലെ ഫയൽ പരിശോധിച്ചതിൽ ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് റസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തിയാക്കിയതായോ നഗരസഭ റസ്റ്റോറേഷൻ പ്രവർത്തികൾക്ക് മേൽനോട്ടം വഹിച്ചതുമായോ ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല. കൂടാതെ ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് റസ്റ്റോറേഷൻ പ്രവർത്തികൾ നടത്തുവാൻ എ.ഇ സമർപ്പിച്ച ഫീ-ഡിമാന്റ് നോട്ടീസിലെ മുഴുവൻ തുകയും നഗരസഭയിൽ അടവാക്കിയിട്ടുണ്ട്.

- മേൽ അപേക്ഷകളിലെ റോഡ് റസ്റ്റോറേഷൻ ജോലികൾ ആരാണ് നടത്തേണ്ടതെന്നും നിലവിൽ റസ്റ്റോറേഷൻ പ്രവർത്തികളുടെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.
- റോഡ് കട്ടിംഗിന് അനുമതി നൽകുമ്പോൾ ഈടാക്കുന്ന റോഡ് റസ്റ്റോറേഷൻ ചാർജിൽ സെന്റേജ് ചാർജ്, ജി.എസ്.ടി. എന്നിവ ഉൾപ്പെടുന്നുണ്ട് പ്രസ്തുത ജി എസ് റ്റി തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണെങ്കിലും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് അടവാക്കിയതായി കാണുന്നില്ല.
- സ്ഥാപനവുമായി 5 വർഷത്തിൽ കുറയാതെ എഗ്രിമെന്റിൽ ഏർപ്പെടണമെന്നിരിക്കെ എഗ്രിമെന്റിൽ കാലാവധി രേഖപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
- പോൾ സ്ഥാപിച്ച് ഒരു വർഷമായിട്ടുണ്ടെങ്കിൽ വാർഷിക വാടക തുകയുടെ 5% വർധിപ്പിച്ച് ഈടാക്കിയിട്ടുണ്ടോ?
- പോൾ വാടകയുടെ 18% ജി.എസ്.ടി ഈടാക്കി അടവാക്കുന്നുണ്ടോ?.

**ഓ.എഫ്.സി കേബിളുകൾ സ്ഥാപിക്കൽ**

| ക്രമ നമ്പർ | RoW അപേക്ഷ നം/ തീയതി | അടവാക്കിയ തുക |
|---|---|---|
| 1 | RoW/ 1039326/45336 03.08.22 | 8264777 |
| 2 | RoW/ 1041843/48068 15.07.22 | **444092** |
| 3 | RoW/ 1138523/44497, 23/07.22 | 621205 |

- മേൽ അപേക്ഷകളിലെ റോഡ് റസ്റ്റോറേഷൻ ജോലികൾ ആരാണ് നടത്തേണ്ടതെന്നും നിലവിൽ റസ്റ്റോറേഷൻ പ്രവർത്തികളുടെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

- റോഡ് കട്ടിംഗിന് അനുമതി നൽകുമ്പോൾ ഈടാക്കുന്ന റോഡ് റസ്റ്റോറേഷന് ചാർജിൽ സെന്റേജ് ചാർജ്, ജി.എസ്.ടി. എന്നിവ ഉൾപ്പെടുന്നുണ്ട് പ്രസ്തുത ജി എസ് റ്റി തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണെങ്കിലും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് അടവാക്കിയതായി കാണുന്നില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(20/18.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 ടാക്സി സ്റ്റാൻഡുകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 472 പ്രകാരം മുനിസിപ്പാലിറ്റിയ്ക്ക് സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം പൊതുവായ ഇറക്ക സ്ഥലങ്ങളോ, വിരാമസ്ഥലങ്ങളോ വണ്ടിത്താവളങ്ങളോ ഉണ്ടാക്കിവെയ്ക്കുകയോ ഏർപ്പെടുത്തിവെയ്ക്കുകയോ അതിന് ഫീസ് ഈടാക്കുകയോ ചെയ്യാവുന്നതാണെന്നും മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475 പ്രകാരം നഗരസഭയിൽ നിന്നുമുള്ള ലൈസൻസ് കൂടാതെ ഒരു സ്വകാര്യ വണ്ടി താവളവും പ്രവർത്തിയ്ക്കാൻ പാടുള്ളതല്ലായെന്നും നിഷ്കർഷിക്കുന്നു. കൂടാതെ സെക്ഷൻ 475(5) പ്രകാരം ഏതൊരു ലൈസൻസിനും പ്രതിവർഷം 3000 രൂപയിൽ കവിയാത്ത ഫീസ് ഈടാക്കാവുന്നതുമാണ്.

ഒറ്റപ്പാലം നഗരസഭ പരിധിയിൽ ഗവ. താലൂക്ക് ആശുപത്രിയ്ക്ക് സമീപം ഗവ. താലൂക്ക് ആശുപത്രി ടാക്സി സ്റ്റാൻഡ് എന്ന പേരിൽ ഒരു ടാക്സി സ്റ്റാൻഡ് പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സ്റ്റാൻഡിൽ ടാക്സികൾ പാർക്ക് ചെയ്യുന്നുമുണ്ട്. എന്നാൽ 2022-23 ധനകാര്യ പത്രിക പ്രകാരം ടാക്സിസ്റ്റാൻഡ് ഫീ ഇനത്തിൽ വരവൊന്നും ലഭ്യമായിട്ടില്ല.

1. ഒറ്റപ്പാലം നഗരസഭ പരിധിയിലുള്ള ടാക്സി സ്റ്റാൻഡുകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
2. അനധികൃതമായി ടാക്സി സ്റ്റാൻഡുകൾ / വണ്ടി താവളങ്ങൾ എന്നിവ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ

മേൽ ഓഡിറ്റ് അന്വേഷണത്തിന് (42/22.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വണ്ടിത്താവളങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി ടാക്സി സ്റ്റാൻഡുകൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-17 കുത്തക ലേലം- നിയതമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിലെ നഗരസഭയുടെ കുത്തകലേലമായ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, എന്നിവിടങ്ങളിലെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം നടപടികളിലൂടെ കൈമാറ്റം ചെയ്തിട്ടുണ്ട്. എന്നാൽ ലേല നടപടികളിൽ പാലിക്കേണ്ട നിയതമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ലേലം കൊണ്ടയാളുടെ പേരും, ഇനവും | ലേല തുക | ലഭ്യമായ തുക (RP-4 Fees & User Charges) |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ( ശ്രീ. ശ്രീനിവാസൻ) | 367001 | 212546 |
| 2 | ബസ് സ്റ്റാന്റ് ഫീസ് | 866200 | 500001 |

| | | | |
|---|---|---|---|
| | പിരിവ് (ശ്രീ. അബ്ദുൾ റഹ്മാൻ. എം) | | |

**1. വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല.**

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫോം നമ്പർ III ബി യിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ വാടകക്കാരുമായി കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ ബസ്സ്റ്റാന്റ്, ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ എന്നിവയിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം കൈമാറ്റം ചെയ്യപ്പോൾ നഗരസഭയ്ക്കു വേണ്ടി സെക്രട്ടറി ലേലം കൈകൊണ്ടവരുമായി കരാർ ചമച്ചിട്ടില്ല.

**2.ലേല രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

ലേല ഇനങ്ങളുടെ വിവരം, ലേലം കൈകൊണ്ടയാളുടെ വിവരങ്ങൾ, കൈകൊണ്ട തുക, അടവുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള അതത് വർഷത്തെ ലേലം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**3. ലേല തുക മുഴുവൻ അടവാക്കിയിട്ടില്ല.**

ബസ്സ്റ്റാന്റ്, ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ എന്നിവയിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി ലേലം കൊണ്ട ആകെ തുക 1233201/- രൂപയാണ്. എന്നാൽ തൻവർഷം ഈ ഇനത്തിൽ ലഭ്യമായ ആകെ തുക 712547 രൂപയാണ്. ബാക്കി അടവാക്കേണ്ട തുകയുടെ വിവരങ്ങൾ ലഭ്യമല്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/20.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് മാത്രം ലേലം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 215, 2000-ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവയുടെ പാലനവും നഗരസഭയുടെ വാടക ഇനങ്ങളിൽ പരിശോധനയയിൽ ശ്രദ്ധയിൽപ്പെട്ട കണ്ടെത്തലുകളും തുടർഖണ്ഡികകളായി ചേർക്കുന്നു.

**1-18-1 വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയിനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ ഉതകുംവിധം വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. വാടക ഇനത്തിലെ കൃത്യത പരിശോധിക്കുവാൻ വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതും വർഷ്യാന്ത്യത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം : 32/19.01.24)

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-18-2 വാടക കുടിശ്ശിക**

2022-23 വാർഷിക ധനകാര്യ പത്രിക (ബാലൻസ്ഷീറ്റ് B-15) പ്രകാരം വാടക ഇനത്തിൽ ആകെ 1278750/- രൂപ (തൻവർഷ കുടിശ്ശിക 712340 /- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 566410/- രൂപ) പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു. മേൽ കുടിശ്ശികയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/19.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-18-3 കടമുറികൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.**

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്/ സ്ഥലം | ആകെ മുറികൾ | നിലവിൽ വാടകക്ക് നൽകിയിട്ടുള്ളവ | ഒഴിഞ്ഞ് കിടക്കുന്നവ |
|---|---|---|---|---|
| 1 | ന്യൂ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | 112 | 65 | 47 |
| 2 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 37 | 28 | 9 |
| 3 | പഴയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 37 | 37 | 0 |
| 4 | മിനി ഷോപ്പിംഗ് കോംപ്ലക്സ് | 12 | 12 | 0 |
| 5 | മിനി ഷോപ്പിംഗ് സെന്റർ | 19 | 19 | 0 |
| 6 | വരോട് വനിതാ വ്യവസായ കേന്ദ്രം | 1 | 0 | 1 |
| | ആകെ | 218 | 161 | 57 |

കടമുറികൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/19.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല. മുറികൾ ഒഴിഞ്ഞുകിടക്കുന്നത് മൂലം നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ആയതിനാൽ ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

**1-18-4 നിർദ്ദിഷ്ട മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല**

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫോറം നമ്പർ III ബി യിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ വാടകക്കാരുമായി കരാർ ചമയ്ക്കേണ്ടതാണ്. നഗരസഭയിൽ 161 ഓളം കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ വാടക മുദ്രപത്രങ്ങളിൽ ഒന്നിൽ പോലും മതിയായ രേഖപ്പെടുത്തലുകളില്ല. സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുമില്ല. വിവരങ്ങൾ രേഖപ്പെടുത്താതെയുള്ള മുദ്രപത്രങ്ങൾ കരാർ രേഖകളായി സൂക്ഷിക്കുന്നതിൽ ആധികാരികത ഇല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/19.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകക്കാരുമായി നിയമാനുസൃത നിബന്ധനകൾ ഉൾപ്പെടുത്തി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-19 ക്വാറികൾ - കോർപ്പറേറ്റ് സാമൂഹിക/പരിസ്ഥിതി ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല.**

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM :F.No.22-65/2017-1A.lii Dated 1.05.2018, OM :F.No.22-65/2017-1A.lii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി ***( SEIAA- State Environmental Impact Authority - 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" ( Brown Field) വിഭാഗത്തിൽ പെടുന്ന പ്രൊജക്ടുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്കാർ സ്ഥാപനം )*** പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം **(CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ

നിർദ്ദേശ്ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ **പ്രധാന നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി,എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒറ്റപ്പാലം നഗരസഭയിലെ ലൈസൻസ് രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ **മുബാറക്ക് മെറ്റൽ ക്രഷർ യൂണിറ്റ് , ഡാർക്ക് സ്റ്റോൺ** എന്നീ 2 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മേൽ പ്രസ്തുത ക്വാറികൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ഉടമ | ലൈസൻസ് നം, തീ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ തുക |
|---|---|---|---|---|
| 1 | **ഡാർക്ക് സ്റ്റോൺ,**ഷംസുദ്ദീൻ എം.പി മങ്കട പറമ്പത്ത് ഹൌസ്, പെരിന്തൽ മണ്ണ, മലപ്പുറം | 13020501 1900372, 21.12.2019 (01.02.2019 To 31.03.2023) | 705/ SEIAA/KL/ 5657/2014 തി. 25.10.2017 | **Educational Assistance** Recurring Rs: 5.50 Lakhs Non Recurring Rs: 3.50 Lakhs |
| 2. | **മുബാറക്ക് മെറ്റൽ ക്രഷർ യൂണിറ്റ് ,** കെ.ഹുസൈൻ, കരിമ്പനക്കൽ ഹൌസ്,വരോഡ് പി.ഓ, ഒറ്റപ്പാലം | 130205012000001, 28.04.2020 (01.02.2020 To 31.03.2023) | EC No. DIA *KL*/PL/ 29/2017, തി. 12.03.2018 | **1.Promotion Of Education** 100000/ Annum, Non Recurring 100000/- **2.Health Care** 100000/Annum **3.Social Aspects** 20000/Annum- Non Recurring 100000/- |

മേൽ പറഞ്ഞ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ സ്ഥാപനങ്ങൾ സാമൂഹ്യ

പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ നഗരസഭ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/10.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം നഗരസഭകളിൽ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. നിലവിൽ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണമോ മേൽനോട്ടമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാള്ളുന്നില്ല. ആയത് ജനങ്ങൾക്ക് ഉതകുംവിധം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ക്വാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഉതകുന്ന മോണിറ്ററിംങ് സംവിധാനം കൊണ്ടുവരേണ്ടതാണ്.
- ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്.
- സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14 ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് ആയത് പരിഗണിക്കാവുന്നതാണ്.

**1-20 ഹരിത കർമ്മ സേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ ,യൂണിഫോം വാങ്ങൽ - അപാകതകൾ**

പ്രോജക്ട്-258/23.ഹരിത കർമ്മ സേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ ,യൂണിഫോം

അടങ്കൽ -200000 രൂപ

ചെലവ് -200000 രൂപ (ധനകാര്യ കമ്മിഷൻഗ്രാന്റ്)

നിർവഹണ ഉദ്യോഗസ്ഥൻ -ഹെൽത്ത് സൂപ്പർവൈസർ

ഹരിത കർമ്മ സേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ,യൂണിഫോം എന്നിവ അക്രെഡിറ്റഡ് ഏജൻസി ആയ KAICO യിൽ നിന്നും നേരിട്ട് ഹരിത കർമ്മ സേന അംഗങ്ങൾക്കായി വാങ്ങുന്നതാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.
പദ്ധതിയിലൂടെ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പൊതുമേഖല സ്ഥാപനമായ KAICO യിൽ നിന്ന് റെയിൻ കോട്ട്, ഗംബ്രൂട്ട് ,മാസ്ക് , ഗ്ലൗസ് ,ഓവർകോട്ട് ,സാനിറ്റൈസർ തുടങ്ങിയ സാധനങ്ങൾ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. സാധനങ്ങൾ ലഭ്യമാക്കിയതിന്റെ ഇൻവോയിസ് സ്ഥാപനത്തിൽ നിന്നും ലഭ്യമായത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. (ഇൻവോയിസ് നം. PKD877/17.3.23)

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.സർക്കാർ ഉത്തരവ്( സാധ) 3299/2016/തസ്വഭവ തി.2.12.2016 പ്രകാരം സർക്കാർ/അർദ്ധസർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനസാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ നേരിട്ട് നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് ( കൈ) 01/2016/എസ്.പി.ഡി തി.8.12.2016 പ്രകാരം പൊതുമേഖല സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുമ്പോൾ പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 50% സാധനങ്ങളും സ്ഥാപനം നിർമ്മിച്ചവയാകണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിലൂടെ വാങ്ങിയ സാധനങ്ങൾ KAICO നേരിട്ട് നിർമ്മിച്ചവയല്ല.

2. പ്രോജക്ടിൽ വിഭാവനം ചെയ്തപോലെ മേൽ ഉപകരണങ്ങൾ നൽകുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി KAICO യെ സർക്കാർ അംഗീകരിച്ചിട്ടില്ല/ആയതിന്റെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

3.മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തത് ഹരിതകർമ്മ സേനാംഗങ്ങൾക്കായി വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

വാങ്ങലുകളിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടും സ്റ്റോക്ക് രജിസ്റ്റർ,വിതരണരജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 17/16.1.24 )നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ,വിതരണരജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതും ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർപർച്ചേസ് മാന്വൽ,മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയിലെ നിബന്ധനകൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

പ്രോജക്ട് നമ്പർ -149/23

ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ-400000/-
ചെലവ്-399950/- (ധനകാര്യ കമ്മിഷൻഗ്രാന്റ്)

നിർവഹണ ഉദ്യോഗസ്ഥൻ -ഹെൽത്ത് സൂപ്പർവൈസർ

മാലിന്യം നീക്കം ചെയ്യുന്നതിനും രോഗങ്ങൾ പരത്തുന്ന കൊതുക് ഉൾപ്പെടെയുള്ളവയെ നശിപ്പിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിന് തയ്യാറാക്കിയ മേൽ പ്രോജക്ടിൽ ഉപകരണങ്ങൾ അക്രഡിറ്റഡ് ഏജൻസിയായ KAICO യിൽ നിന്ന് നേരിട്ട് വാങ്ങുന്നതായാണ് വിഭാവനം ചെയ്തിട്ടുള്ളത്. അപ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പൊതുമേഖല സ്ഥാപനമായ KAICO യിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.ഫിനോൾ,ഡെറ്റോൾ,ഹാന്ഡ് വാഷ്,ഹാർപ്പിക്,ഗംബൂട്ട്,വീശുകത്തി,പീക്കാസ് തുടങ്ങിയ സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായിട്ടാണ് നിർവഹണ ഏജൻസിയിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

സാങ്ഷൻ ഓർഡർ-336 /24.3.23- 211850 ( ഇൻവോയിസ് നം. PKD896/18.3.23)

സാങ്ഷൻ ഓർഡർ-346 /25.3.23- 188100 ( ഇൻവോയിസ് നം. PKD952/24.3.23)

പ്രോജക്ട് നിർവഹണത്തിലെ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.സർക്കാർ ഉത്തരവ്( സാധ) 3299/2016/തസ്വഭവ തി.2.12.2016 പ്രകാരം സർക്കാർ/അർദ്ധസർക്കാർ/ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും

ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനസാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ നേരിട്ട് നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ്( കൈ) 01/2016/എസ്.പി.ഡി തി.8.12.2016 പ്രകാരം പൊതുമേഖല സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ

നടത്തുമ്പോൾ പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 50% സാധനങ്ങളും സ്ഥാപനം നിർമ്മിച്ചവയാകണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിലൂടെ വാങ്ങിയ സാധനങ്ങൾ KAICO നേരിട്ട് നിർമ്മിച്ചവയല്ല.

2. പ്രോജക്ടിൽ വിഭാവനം ചെയ്തപോലെ മേൽ ഉപകരണങ്ങൾ നൽകുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി KAICO യെ സർക്കാർ അംഗീകരിച്ചിട്ടില്ല/ആയതിന്റെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് – 15/16.1.24 – നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.ഭാവിയിൽ വാങ്ങൽ നടത്തുമ്പോൾ സ്റ്റോർപർച്ചേസ് മാന്വൽ,മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയിലെ നിബന്ധനകൾ പാലിച്ച് മാത്രം വാങ്ങൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-22 ബയോ കമ്പോസിറ്റർ ബിൻ വിതരണം-അപാകതകൾ**

പ്രോജക്ട് 155/2023 ബയോ കമ്പോസിറ്റർ ബിൻ

അടങ്കൽ- 1080000

ചെലവ് -814900 (ധനകാര്യകമ്മിഷൻ ഗ്രാന്റ്-744200,ഗുണഭോക്തൃവിഹിതം 70700)

നിർവഹണ ഉദ്യോഗസ്ഥൻ -ഹെൽത്ത് സൂപ്പർവൈസർ

| ക്രമ നം. | സാങ്ഷൻ ഓർഡർ | തുക |
|---|---|---|
| 1 | 310/20.3.23 | 583200 |
| 2 | 407/29.3.23 | 52800 |
| 3. | 409/29.3.23 | 161000 |
| 4. | 408/29.3.23 | 17900 |

സാമ്പത്തിക വർഷത്തിൽ റെയ്ഡ്കോയിൽ നിന്നും 500 എണ്ണം ബയോ കമ്പോസിറ്റർ ബിന്നുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ റെയ്ഡ്കോക്ക് ശുചിത്വമിഷന്റെ അംഗീകാര്യം ലഭ്യമല്ലാത്തതിനാൽ ജെം വഴിയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ രണ്ട് ഘട്ടങ്ങളിലായിട്ടാണ് 400 ബയോ കമ്പോസിറ്റർ ബിന്നുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളത് .ആദ്യഘട്ടത്തിൽ ഒമേഗ എക്കോടെക് പ്രോഡക്റ്റ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 300 എണ്ണം ബയോ ബിന്നുകൾ 2120 നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്.(2120x300=636000 രൂപ- ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല) . രണ്ടാം ഘട്ടത്തിൽ 100 എണ്ണം ബയോ ബിന്നുകൾ വീതം ജെം വഴി റെയ്ഡ്കോയിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്- ഇൻവോയിസ് നം. PKD435/24.3.23-178900 (1789x100)

പദ്ധതി നിർവഹണത്തിലെ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. 310 പേരെ ആദ്യം തിരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് മാത്രമാണ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ ബയോ കമ്പോസിറ്റർ ബിന്നുകൾ നൽകിയ അവശേഷിക്കുന്ന 90 പേരെ തെരെഞ്ഞെടുത്തതിന്റെ ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല

2.ഒമേഗ എക്കോടെക് കമ്പനിയിൽ നിന്നുള്ള ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല (300 എണ്ണം ബയോ ബിന്നുകൾ വാങ്ങിയത് സംബന്ധിച്ചത്).

3.ആദ്യഘട്ടത്തിൽ ഒമേഗ എക്കോടെക് കമ്പനിയിൽ നിന്നും വാങ്ങിയ 300 ബയോ ബിന്നുകളുടെ വിലയായി ധനകാര്യ കമ്മീഷൻ ഗ്രാൻഡിൽ നിന്നും നൽകേണ്ടിയിരുന്നത് 572400 രൂപയായിരുന്നു. (300X 2120 X 90%). എന്നാൽ 583200 രൂപ ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഫണ്ടിൽ നിന്നും

നൽകി.അധികം നൽകിയ 10800 രൂപ ഗുണഭോക്തൃ വിഹിതം നൽകേണ്ടിയിരുന്നതിൽ നിന്ന് (63600) കുറച്ച് 52800 രൂപ മാത്രമാണ് കമ്പനിക്ക് നൽകിയിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികമായി ചെലവഴിച്ച 10800 രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

4.വാങ്ങലിന് ഭരണ സമിതിയുടെ അംഗീകാരം ലഭ്യമായത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4.ഫയലിൽ സൂക്ഷിച്ച വിതരണ രേഖകൾ അപൂർണമാണ്. പല ഗുണഭോക്താക്കളും ബിൻ കൈപ്പറ്റിയതായി വിതരണ രേഖയിൽ ഒപ്പ് വെച്ചിട്ടില്ല. പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

5.2022-23 വർഷം 400 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ബയോബിന്നുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആകെ 397 ഗുണഭോക്താക്കളിൽ നിന്നും 216 രൂപ ഗുണഭോക്തൃവിഹിതം ഈടാക്കി നഗരസഭയിലേക്ക് അടവാക്കിയതിന്റെ രേഖകളാണ് സൂക്ഷിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് - 18/ 16.1.24 - നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നീക്കിയിരുപ്പ് തുക -തുടർ നടപടികൾ സ്വീകരിക്കണം

2022-23 ലെ വാർഷിക ധനകാര്യ പത്രിക, ഓഡിറ്റിന് സമർപ്പിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ അനുസരിച്ച് നിലവിൽ പ്രാബല്യത്തിലില്ലാത്ത കേന്ദ്രാവിഷ്കൃത പദ്ധതികളായ Integrated Housing And Slum Development Programme (IHSDP), Urban Infrastructure Development Scheme For Small And Medium Towns (UIDSSMT) എന്നിവയ്ക്കു വേണ്ടി മുൻവർഷങ്ങളിൽ ലഭ്യമായ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | അക്കൗണ്ട് | നമ്പർ | 31.3.23 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | PNB-IHSDP A/C | 432500100112551 | 2,35,67,463.00 |
| 2 | SBI UIDSSMT.SB A/C | 32252393449 | 1,59,729.00 |
| ആകെ | | | 23727192 |

നിലവിൽ പദ്ധതികൾ പ്രാബല്യത്തിലില്ലാത്തതിനാൽ, മേൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കുകയോ, സർക്കാർ അനുമതിയോടെ മാത്രം മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശം നൽകിയിരുന്നതാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് - 25/18.1.24 ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.മേൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കുകയോ, സർക്കാർ അനുമതിയോടെ മാത്രം മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പി എം എ വൈ അർബൻ പദ്ധതി - വീടുകൾ പണി പൂർത്തീയാക്കുവാൻ അവശേഷിക്കുന്നു,രജിസ്റ്ററുകൾ,ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല

നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ പി.എം.എ.വൈ അർബൻ ഭവന നിർമ്മാണ പദ്ധതിക്കായി താഴെപറയുന്ന തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| | കേന്ദ്ര | സംസ്ഥാന | തദ്ദേശ | ആകെ |
|---|---|---|---|---|

| | | | |
|---|---|---|---|
| വിഹിതം | വിഹിതം | വിഹിതം | |
| 3.126 കോടി | 1.042 കോടി | 3.528കോടി | 7.696 കോടി രൂപ |

നഗരസഭയിലെ പി എം എ വൈ അർബൻ ഭവന നിർമ്മാണ പദ്ധതിയുടെ 2022-23 വരെയുള്ള സ്ഥിതി വിവര കണക്കുകൾ താഴെ ചേർക്കുന്നു.

| DPR നം | ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കരാർ ചമച്ച ഗുണഭോക്താക്കളുടെഎണ്ണം | അടങ്കൽ (ലക്ഷത്തിൽ) | | | ചെലവഴിച്ച തുക(ലക്ഷത്തിൽ) | | | ഒന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെഎണ്ണം | നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | | | | | |
| 1 | 2016-17 | 357 | 356 | **535.5** | **178.5** | **714** | **514.8** | **171.6** | **714** | 356 | 354 | 347 | 321 | 35 |
| 2 | 2017-18 | 252 | 251 | **378** | **126** | **504** | **349.5** | **116.5** | **504** | **251** | **250** | **244** | **200** | 51 |
| 3 | 2018-19 | 115 | 114 | 172.5 | 57.5 | 230 | 147.9 | 49.3 | 230 | 115 | 110 | 99 | 79 | 35 |
| 4 | 2019-20 | 562 | 562 | 843 | 281 | 1124 | 763.8 | 254.6 | 1124 | 562 | 560 | 506 | 390 | 172 |
| 5 | 2020-21 | 276 | 273 | 414 | 138 | 552 | 266.7 | 88.9 | 552 | 267 | 233 | 136 | 30 | 243 |
| 6 | 2021-22 | 1 | 1 | 1.5 | 0.5 | 2 | .6 | .2 | 2 | 1 | 1 | 0 | 0 | 1 |
| | ആകെ | 1563 | 1557 | 2344.5 | 781.5 | 3126 | 2043.3 | 681.1 | 3126 | 1552 | 1508 | 1332 | 1020 | 537 |

മേൽ കണക്കുകൾ അനുസരിച്ച് 2021-22 വരെയുള്ള 6 DPR കൾ പ്രകാരം 537വീടുകളുടെ നിർമ്മാണം നിലവിൽ പൂർത്തീയാക്കുവാൻ അവശേഷിക്കുന്നുണ്ട്.

അർബൻ ഹൗസിങ്ങ് മിഷൻ മെമ്പർ സെക്രട്ടറിയുടെ സർക്കുലർ നം.5476/N/15/KSHO തീയതി 5.11.2015 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**PMAY സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല**

PMAY ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ധനസഹായം നൽകുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ സംബന്ധമായ രജിസ്റ്റർ, ക്യാഷ്ബുക്ക് എന്നിവ മുൻസിപ്പാലിറ്റിയിൽസൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക നൽകുന്നത് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കാത്തതിന് തിനാൽ ഗുണഭോക്താക്കളുടെ ഭവന നിർമാണത്തിന്റെ സ്റ്റേജ് വിലയിരുത്തുന്നതിന് പ്രയാസം നേരിടുന്നു. രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .നഗരസഭാ വിഹിതം **KURDF** വായ്പ, കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്രോതസ്സുകളും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-25 എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്. രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 120/23 |
| പ്രൊജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | 1000000- |
| വിനിയോഗിച്ച തുക | 7,10000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ / തീയതി | 2/23, 13-03-23 |

| | |
|---|---|
| നിർവ്വഹണം | പ്രിൻസിപ്പൽ, സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്ന ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം 115/2022/LSGD, 28-05-2022) ഖണ്ഡിക 7.2.4 പ്രകാരം മെഡിക്കൽ കോഴ്സിന് 30,000/- രൂപ, എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപ, ബിരുദം 20,000/- രൂപ, ബിരുദാനന്തര ബിരുദം 30,000/- രൂപ, ഗവേഷണ വിദ്യാർത്ഥികൾ 30,000/- രൂപ, പോളിടെക്നിക് 20,000/- രൂപ, മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് തുക സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥിക്ക് 20000 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെങ്കിലും പ്രൊവിഷണൽ അഡ്മിഷൻ കാർഡ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പഠിക്കുന്ന കോഴ്സ് സംബന്ധിച്ച് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേരും വിലാസവും. | കോഴ്സ്, സ്ഥാപനം | അനുവദിച്ച തുക | അക്കൗണ്ട് നം |
|---|---|---|---|---|
| 1 | നവീൻ കുമാർ S/Oബേബി വാർഡ്-18 | സർട്ടിഫിക്കറ്റ് കോഴ്സ് (6 Months) | 20,000/- രൂപ | 854610110011515 |

രേഖകൾ ഹാജരാകുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം (3/10-01-2024) ന മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ തുക - 20000-തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 സപ്ലൈയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദ്ദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒറ്റപ്പാലം സർക്കാർ ഹൈസ്കൂളിലേക്ക് ബേഞ്ചും ഡെസ്കും എന്ന പ്രൊജക്ടുകളിലെ വാങ്ങലുകൾക്ക്, സ്രോതസ്സിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് 209/23 | ഒറ്റപ്പാലം സർക്കാർ ഹൈസ്കൂളിലേക്ക് ബഞ്ചും ഡെസ്കും |
| അടങ്കൽ | 300000- |
| ചെലവ് | 300000- |
| ഫണ്ടിനം | റോഡിതരം |
| ബിൽ നം.തീയതി | 2/23, 16-03-23, 269220 |

| | |
|---|---|
| | 3/23, 30-03-23, 30780 |
| സപ്ലെയർ | ARTCO , പാലക്കാട് |
| ജി.എസ്.ടി നം. , അക്കൗണ്ട് നം- | GSTIN-32AAAAA2064P12W<br>37084134400 |

നിയമാനസൃത നികുതികൾ സ്രോതസിൽനിന്നും കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 4/10-01-24 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ വർഷങ്ങളിൽ ബിൽ തുകയിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതാണ്

**1-27 ബി പി എൽ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ- മുഴുവൻ ഗുണഭോക്താക്കളുടെയും രേഖകൾ ഹാജരാക്കിയിട്ടില്ല**

പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ മുഴുവൻ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| പ്രൊജക്റ്റ് നം-145/23 | ബി പി എൽ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ | പ്രൊജക്റ്റ് നം-17/23 | ബി പി എൽ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ | ബിൽ നമ്പർ, തുക |
|---|---|---|---|---|
| അടങ്കൽ ഫണ്ടിനം- സി എഫ് സി | 170000 | അടങ്കൽ ഫണ്ടിനം- സി എഫ് സി | 425000 | 3/18-05-22,85000<br>7/21-05-22,20000<br>8/23-05-22,30000<br>13/3-06-22,45000<br>30/30-06-22,35000<br>39/05-08-22,10000<br>38/05-08-22,80000<br>44/17-08-22,20000<br>82/12-09-22,15000<br>116/03-10-22,10000<br>154/11-11-22,5000<br>165/07-12-22,20000<br>281/17-3-23,45000<br>325/21-03-23,100000<br>429/31-03-23,70000<br>432/31-03-23,10000 |
| ചെലവ് | 170000 | ചെലവ് | 425000 | |

താഴെ പറയുന്ന ഗുണഭോക്താക്കളുടെ രേഖകൾ മാത്രം ഹാജരാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | അനിത |
| 2 | മോഹനകുമാരി |
| 3 | സൈനബ |
| 4 | ശാന്തകുമാരി |
| 5 | കദീജ |
| 6 | കുമാരൻ |
| 7 | അയിഷാ ബി |

| | |
|---|---|
| 8 | സുനിത |
| 9 | ഹിലാൽ |
| 10 | മീനാക്ഷിക്കുട്ടി |
| 11 | ജിംഷ |
| 12 | ഹബീർ |
| 13 | രാജലക്ഷമി കെ. ജി |
| 14 | സേതുമാധവൻ |

ആകെ ചെലവു തുക- 170000+425000= 595000

ആകെ ഗുണഭോക്താക്കളുടെ എണ്ണം- 119

ആനുകൂല്യ തുക- @ 5000-

ഓഡിറ്റിന് ലഭ്യമാക്കിയത് -14 ഗുണഭോക്താക്കളുടെ രേഖകൾ

പദ്ധതി ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( 6/11-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ബാക്കി ഗുണഭോക്താക്കളുടെയും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 525000/-തടസ്സപ്പെടുത്തുന്നു.

**1-28 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് | 126/23, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം |
| അടങ്കൽ | ₹500000 (Cfc) |
| ചെലവ് | ₹500000 |
| പേയ്മെന്റ് ഓർഡർ നം./തീയതി | CO22355758547, 28-02-23 |
| നിർവ്വഹണം | മുൻസിപ്പൽ സെക്രട്ടറി |

തെരുവുനായകളുടെ പ്രജനന നിയന്ത്രണം പ്രോഗ്രാമിനുള്ള വിഹിതമായി 500000രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 30074914685) കൈമാറിയിട്ടുണ്ട്. പദ്ധതി പുരോഗതി വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (12/16-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-29 തുടർ സാക്ഷരത തുല്യത പഠന സഹായം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് | 125/23, തുടർ സാക്ഷരത തുല്യത പഠന സഹായം |
| അടങ്കൽ | ₹2,50000-(Cfc) |
| ചെലവ് | ₹204000 |
| പേയ്മെന്റ് ഓർഡർ നം./തീയതി | CO32327355840, 13-02-23 |
| നിർവ്വഹണം | മുൻസിപ്പൽ സെക്രട്ടറി |

സാക്ഷരത മിഷൻ നടപ്പാക്കുന്ന പ്ലസ് 1, 10ാം തരം തുല്യത കോഴ്സുകളിൽ ചേർന്നു പഠിക്കുന്ന 92 ഗുണഭോക്താക്കളുടെ ഫീസ് ഒടുക്കുന്നതിനായി 204000/- രൂപ പദ്ധതി വിഹിതമായി സംസ്ഥാന സാക്ഷരത മിഷൻ അക്കൗണ്ടിലേക്ക് (288010011307) 13-02-23ന കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പഠിതാക്കളുടെ എണ്ണം- | ഫീസ് | ആകെ |
|---|---|---|
| 10ാം തരം തുല്യത -40 | 1850 | 74000 |
| പ്ലസ് 1 തുല്യത-52 | 2500 | 130000 |

ഈ കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം (13/16-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-30 അഗതി രഹിത കേരളം- മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടില്ല.**

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി.

ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കി നഗരസഭ അംഗീകരിച്ച അഗതി രഹിത പദ്ധതി **09-03-2019** ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 17-01-2019 ലെ ഭരണ സമിതി യോഗത്തിൽ പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം 155 ആയി പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. 08/19 മുതൽ മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 ഒക്ടോബർ മാസത്തോടെ അവസാനിച്ചിരിക്കുകയാണ്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചിത കാലയളവിനകം നേടുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

**പദ്ധതിയുടെ വിശദ വിവരങ്ങൾ**

ഗുണഭോക്താക്കൾ - 155

ആകെ അടങ്കൽ - 18,084600

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട്( അടങ്കൽ | 1294200 | 1294200 | 1294200 | 3882600 |
| ചെലവ് | 476781 | 786124 | 819671 | 2082576 |
| പ്ലാൻ ഫണ്ട് | 4734000 | 4734000 | 4734000 | 14202000 |
| | | | ആകെ | 18,084600 |

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി, കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്റ്റ് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ഭൂമി, വിദ്യാഭ്യാസം, വൈദ്യുതി, ടോയ്‌ലറ്റ് എന്നീ അടിസ്ഥാന മേഖലകളിൽ ഒരാൾക്ക് പോലും സേവനം നൽകാൻ സാധിച്ചിട്ടില്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി

കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ | കുറിപ്പ് |
|---|---|---|---|---|
| ഭക്ഷണം | 155 | 3207600 | 2082576 | ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ₹2082576 ആനുകൂല്യം നൽകി. |
| ചികിത്സ | 154 | 354000 | 154 | രോഗികൾക്ക് സർക്കാർ ആശുപത്രികൾ മുഖേന ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നുണ്ട്. |
| ഭൂമി | 13 | 3300000 | - | 13ഗുണഭോക്താക്കൾ LIFE ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെ ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. |
| ഭവന നിർമ്മാണം | 16 | 6400000 | 14 | PMAY - ഭവന പദ്ധതി പ്രകാരം ആകെ 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു |
| വിദ്യാഭ്യാസം | 3 | 18000 | - | ഗുണഭോക്താക്കൾക്ക് ആനുകൂല്യം സ്പോൺസർഷിപ്പ് മുഖേന ലഭിക്കുന്നുണ്ട് |
| ഭവന പുനരുദ്ധാരണം | 61 | 3150000 | 1093280 | പ്ലാൻ ഫണ്ടിൽ നിന്ന് നിർവഹണോദ്യോഗസ്ഥൻ മുഖേന 61 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. |
| കുടിവെള്ളം | 46 | 92000 | - | വിവരം ലഭ്യമല്ല |
| വൈദ്യുതി | - | - | - | ഗുണഭോക്താക്കൾക്ക് ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. |
| ടോയിലറ്റ് | 36 | 432000 | - | ഗുണഭോക്താക്കൾക്ക് ആർക്കും ആനുകൂല്യം നൽകിയി |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 31/19-01-24 ന ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ഭൂമി ഇല്ലാത്തവർക്ക് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടോയിലറ്റ്, കുടിവെള്ളം എന്നിവ നഗരസഭ പദ്ധതിയിൽ ആവശ്യക്കാർക്ക് നൽകി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**1-31 വീട് വാസയോഗ്യമാക്കൽ പദ്ധതികൾ- രേഖകൾ ഹാജരാക്കിയിട്ടില്ല.**

2022-23 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന വീട് വാസയോഗ്യമാക്കൽ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം- | വീട് വാസയോഗ്യമാക്കൽ | പ്രൊജക്ട് നം- | വീട് വാസയോഗ്യമാക്കൽ |
|---|---|---|---|

| | | | |
|---|---|---|---|
| 148/23 | | 68/23 | |
| അടങ്കൽ | 3520000 | അടങ്കൽ | 57,60000 |
| ചെലവ് | 3180000 | ചെലവ് | 57,10000 |

1. ഗുണഭോക്താവിന്റെ അപേക്ഷയും അനുബന്ധ രേഖകളും

2. എസ്റ്റിമേറ്റ്, ഓവർസിയർ/ അസി. എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം

3. പൂർത്തീകരണ സാക്ഷ്യപത്രം

4. മോണിട്ടറിംഗ് റിപ്പോർട്ട്

5. ക്യാഷ് ബുക്ക്

6. സാംഖ്യ ബില്ലുകൾ

പദ്ധതി ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (35/20-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 88,90000-തടസ്സപ്പെടുത്തുന്നു.

**1-32 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനെറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 25 ഗുണഭോക്താക്കളുടെ നഗരസഭാ വിഹിതം 312500 രൂപ അസിസ്റ്റന്റ് ഡയറക്ടർ (എ.എച്ച്)ന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.714021400000008) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | 117/23 – കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 312500 രൂപ വികസനഫണ്ട് – പൊതുവിഭാഗം സാധാരണവിഹിതം |
| | 312500 രൂപ – മറ്റുള്ളവ |
| | ആകെ - 625000 രൂപ |
| ചെലവ് | 312500 രൂപ (ബിൽ നം. 6/10-2-2023) |

പ്രസ്തുത പ്രൊജക്റ്റിലേക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് വരോട് ക്ഷീരോല്പാദക സഹകരണ സംഘത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിവരവും, പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.21/18-1-2024 നല്കിയിരുന്നു.

ആയതിന് മറുപടിയായി കന്നുക്കുട്ടി പരിപാലനപദ്ധതിയുടെ തീറ്റവിതരണം വരോട് സഹകരണ സംഘം വഴി നടന്നുകൊണ്ടിരിക്കുന്നതായും ഏകദേശം അഞ്ചു മാസങ്ങൾ കൂടി തീറ്റനല്കാനുള്ള സബ്സിഡി തുക നിലവിൽ ഉണ്ടെന്നും പൂർത്തിയാകുന്ന മുറയ്ക്ക് കന്നുക്കുട്ടി പരിപാലനപദ്ധതി അസിസ്റ്റന്റ് ഡയറക്ടറിൽനിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

**1-33 അടുക്കളമുറ്റത്തെ കോഴിവളർത്തൽ - ഒരു വീട്ടിലെ തന്നെ രണ്ട് വ്യക്തികൾക്ക് പദ്ധതിപ്രകാരമുള്ള ആനുകൂല്യം അനുവദിച്ചു**

പ്രൊജക്റ്റ് നം. -116/23

പ്രൊജക്റ്റിന്റെ പേര് - അടുക്കളമുറ്റത്തെ കോഴിവളർത്തൽ

നിർവ്വഹണോദ്യോഗസ്ഥൻ - സീനിയർ വെറ്ററിനെറി സർജ്ജൻ

അടങ്കൽ - (വികസനഫണ്ട് –സാധാരണ വിഹിതം - 240000 രൂപ)

ചെലവ് - 180000 രൂപ

(ബിൽ നം.10 -16/3/2023 –80400 രൂപ,

ബിൽ നം.12 -24/3/2023 -9600 രൂപ,

ബിൽ നം.14 -28/3/2023 -90000 രൂപ)

തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 45 മുതൽ 60 ദിവസം വരെ പ്രായമുള്ള 10 മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് മൃഗസംരക്ഷണ വകുപ്പ് അംഗീകരിച്ചിട്ടുള്ള എഗ്ഗർ നഴ്സറികളിൽ നിന്ന് ഒരു കോഴിക്കുഞ്ഞിന് സർക്കാർ അംഗീകൃതവിലയായ 120 രൂപ നിരക്കിൽ നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി നല്കുന്നതിനാണ് ഈ പ്രൊജക്റ്റ് വഴി ലക്ഷ്യമിട്ടത്. ഒ.കെ.എം എഗ്ഗർ നഴ്സറി, നിഥിലം എഗ്ഗർ നഴ്സറി എന്നീ നഴ്സറികളിൽ നിന്ന് 3000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃലിസ്റ്റ് ഒറ്റപ്പാലം നഗരസഭ കൗൺസിലിന്റെ 23-12-2022 ലെ 9-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷയും അർഹത തെളിയിക്കുന്ന അനുബന്ധരേഖകളും ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് അന്വേഷണം നം. 29/18-1-2023 നല്കുകയുണ്ടായി. രേഖകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ നിന്നും വാർഡ് 17 ലെ

നസീമ ഷമീർ, സൈനബ എന്നവർ ഒരേ വീട്ടിൽ നിന്നുള്ളവരാണെന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് | റേഷൻകാർഡ് നം. |
|---|---|---|---|
| 1 | 17 | നസീമ ഷമീർ, കൊക്കത്ത്, പാലപ്പുറം | 1948049102 |
| 2 | 17 | സൈനബ, കൊക്കത്ത്,പാലപ്പുറം | 1948049102 |

ഒരു വീട്ടിലെ രണ്ട് അംഗങ്ങളെ ഗുണഭോക്താക്കളായി നിശ്ചയിച്ച് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. ടി വിഷയം സംബന്ധിച്ച് തിരക്കു മൂലം സംഭവിച്ചതാണെന്നും മേലിൽ ശ്രദ്ധിച്ചു ചെയ്യുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ- G.O (P) 115/22 – തിയതി 28.5.22 – നിബന്ധനകൾക്ക് വിധേയമായി പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.29/18-1-2024).

## 1-34 അങ്കണവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി – ടി ഡി എസ് നടത്തിയില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന പ്രൊജക്റ്റിൽ നിയമാനുസൃത ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

പ്രൊജക്റ്റിന്റെ പേര് - അങ്കണവാടി പോഷകാഹാരം

പ്രൊജക്റ്റ് നം. - 3 /23

**അടങ്കൽ – 4800000 രൂപ** (വികസനഫണ്ട് – പൊതുവിഭാഗം സാധാരണവിഹിതം- 2800000 രൂപ, ചെലവ് – 2798438 രൂപ.

കേന്ദ്രാവിഷ്കൃതഫണ്ട്–2000000 രൂപ
ചെലവ് - 657637 രൂപ. (സാങ്ഷൻ ഓർഡർ -247, 17-02-2023)

**ആകെ ചെലവ് – 3456075 രൂപ.**

മേൽ പ്രൊജക്റ്റ വഴി കിഡ്സ് ലവർ അമൃത ഫുഡ്സ് കുടുംബശ്രീ യൂണിറ്റ് മുഖേന പർച്ചേസ് നടത്തിയതിന് 657637 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ നിയമാനുസൃത ജി എസ് ടി - ടി ഡി എസ് നടത്തിയതായി കാണുന്നില്ല.

| ക്രമ നം. | ഇൻവോയ്സ് നം. | തിയതി | ബിൽ തുക |
|---|---|---|---|
| 1 | 1114 | 19/9/22 | 161847 |
| 2 | 1115 | 19/9/22 | 42569 |
| 3 | 1162 | 13/12/22 | 29780 |
| 4 | 1161 | 13/12/22 | 130536 |
| 5 | 908 | 13/12/22 | 56980 |

| | | | |
|---|---|---|---|
| 6 | 907 | 13/12/22 | 4530 |
| 7 | 1182 | 17/1/23 | 130536 |
| 8 | 1183 | 17/1/23 | 29483 |
| 9 | 930 | 17/1/23 | 56210 |
| 10 | 929 | 17/1/23 | 3397.50 |
| 11 | 906 | 5/12/22 | 3966 |
| 12 | 905 | 5/12/22 | 3753 |
| 13 | 904 | 5/12/22 | 4049.50 |
| ആകെ | | | 657637 രൂപ |

നികുതി ഒഴികെയുള്ള തുക 250000 രൂപയിൽ അധികമായാൽ ജി എസ് ടി - ടിഡിഎസ് നടത്തേണ്ടതാണ്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.7/12-1-2024 നല്കുകയുണ്ടായി. ആയതിന് മറുപടിയായി ഭാവിയിൽ ജി എസ് ടി - ടിഡിഎസ് നടത്തിമാത്രമേ പേയ്മെന്റ് നടത്തുകയുള്ളൂ എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

നികുതി ഒഴികെയുള്ള തുക 250000 രൂപയിൽ അധികമായാൽ ജി എസ് ടി - ടിഡിഎസ് - നടത്തേണ്ടതാണ്.

**1-35 അങ്കണവാടികളിലേക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങൽ - പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തു**

നിർവ്വഹണോദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

2022-23 സാമ്പത്തികവർഷത്തിൽ അങ്കണവാടികളിലേക്ക് ശർക്കര, റാഗി, അരി, ചെറുപയർ, ഗോതമ്പ്, ഉഴുന്ന്, വെളിച്ചെണ്ണ എന്നിവ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും 30-6-2022 തിയതിയിൽ 302275 രൂപ , 31-8-2022 തിയതിയിൽ 359290 രൂപ എന്നിങ്ങിനെ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ആയതിന്റെ തുകയായി 661565 രൂപ കേന്ദ്രാവിഷ്കൃതഫണ്ടിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് എക്സ്പെൻഡിച്ചർ എന്ന ഹെഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ചെലവ് പത്രികയിൽ മേൽ ചെലവ് ഉൾക്കൊള്ളിച്ചിട്ടില്ല. ചെലവ് പത്രികയിൽ ഉൾപ്പെടുത്താതെ ചെലവ് നടത്തിയതിന്റെ രേഖകളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും അനുബന്ധരേഖകളും ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം നം.8 -12/1/2024 നല്കിയിരുന്നു. ആയതിനു മറുപടിയായി പോഷകാഹാരതുകയായ 661565 രൂപ ചെക്ക് നം.XY-5730808 തിയതി -30-12-2022 TSB ഹെഡ് ഓഫ് അക്കൗണ്ട് G211606/19 പ്രകാരം സപ്ലൈകോവിന് നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യാൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

**1-36 മാലിന്യ സംസ്കരണം- അവലോകനം**

മാലിന്യങ്ങൾ കൈകാര്യം ചെയ്യുക എന്നത് ഒറ്റപ്പാലം നഗരസഭ നിലവിൽ അനുഭവിച്ചു വരുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. ഒറ്റത്തവണ ഉപയോഗത്തിനുശേഷം ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും നഗരസഭക്ക് കാര്യമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.നഗരസഭയിൽ ആധുനിക അറവ്ശാല സ്ഥാപിക്കുന്നതിന് ഇത് വരെയും സാധിച്ചിട്ടില്ല. അറവുമാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നത് ഒരു പ്രശ്നമായി തന്നെ നിലനിൽക്കുന്നുണ്ട്.

ഒറ്റപ്പാലം ടൗണിലെ മലിനജല പ്രശ്നവും അടിയന്തരമായി കൈകാര്യം ചെയ്യേണ്ട വിഷയമാണ്. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഭാഗമായി തുമ്പൂർമുഴി മാതൃകയിലുള്ള സംസ്കരണശാലകൾ പാലപ്പുറം കയറമ്പാറയിലും ,നഗരസഭയുടെ മാർക്കറ്റ് കോംപ്ലക്സിലും , ബസ്സ്റ്റാൻഡിലും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നെല്ലാമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഒറ്റപ്പാലം നഗരസഭയുടെ വികസന രേഖയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പരാമർശിച്ചിട്ടുള്ളത്.
സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ടെൻഡർ ഘട്ടത്തിൽ മാത്രം എത്തി നിൽക്കുകയാണ്
പ്ലാസ്റ്റിക് നിയന്ത്രണം കർശനമായി നടപ്പിലാക്കുക, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പൂർണമായി ഒഴിവാക്കുക ,വീടുകളിലും ഫ്ലാറ്റുകളിലും സ്ഥാപനങ്ങളിലും പരമാവധി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക, പൊതുനിരത്തുകളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് പൊതുജനങ്ങളുടെ സഹായത്തോടെ കർശനമായി തടയുക എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട് തുടർ വർഷങ്ങളിൽ ഏറ്റെടുക്കേണ്ടത് എന്നും വികസനരേഖ വിഭാവനം ചെയ്യുന്നു.ഇത് സംബന്ധിച്ച പ്രശ്ന പരിഹാരമാർഗങ്ങളായി വികസനരേഖ നിരീക്ഷിക്കുന്നത് ചുവടെചേർക്കുന്ന കാര്യങ്ങളാണ്.

പ്ലാസ്റ്റിക് നിരോധനം കുറ്റമറ്റതും കർശനവും ആക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിനുള്ള പദ്ധതികൾ തയ്യാറാക്കുക, വികേന്ദ്രീകൃത എയ്റോബിക് സംവിധാനങ്ങൾ വ്യാപകമാക്കുക.ഗാർഹിക മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക. മാലിന്യസംസ്കരണത്തിന്റെ ഫലമായി ലഭിക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി നടത്തുന്നതിന് ആവശ്യമായ പദ്ധതി തയ്യാറാക്കുക.ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യമായ ദ്രവമാലിന്യ സംസ്കരണ ശാല സ്ഥാപിക്കുക എന്നിവ.

<u>മാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട് സാമ്പത്തിക വർഷത്തിലെ പ്രോജക്ടുകൾ</u>

സാമ്പത്തിക വർഷത്തിൽ മാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ ആണ് നഗരസഭ നടപ്പിലാക്കിയിട്ടുള്ളത്.
ആയത് പ്രകാരം ആകെ 1,26,10,366 രൂപ ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | ഹരിത കർമ്മ സേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ യൂണിഫോം | 200000 | 200000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 2 | ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ | 400000 | 399950 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
